കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറിയനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016 -2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി5 –1061/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി 10.08 .2017
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറിയനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറിയനാട് ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം: കെ.എസ്.എ-എ.എൽ.പി-പി5-1061/2017 തീയതി.10.8.2017

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.10.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.07.2017മുതൽ 31.07.2017 വരെ | ശ്രീ. ബി.ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി.ദീപ .എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സുഷ .റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽ കുമാർ. ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി .കെ.കെ. രാധമ്മ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. ബിജു കുമാർ.ആർ | 01.04.2016 മുതൽ 13.12.2016 വരെ |
| 2 | ശ്രീമതി.ജയലത.വി<br>(സെക്രട്ടറി-ഇൻചാർജ് ) | 14.12.2016 മുതൽ 03.01.2017 വരെ |
| 3 | ശ്രീ. ബിജു കുമാർ.ആർ | 03.01.2017 മുതൽ 31.03.2017 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ദീപാരാജ്.എം.എൽ | 01.04.2016 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 2 | വെറ്ററിനറി സർജൻ | ഡോ.അനന്ദ ലക്ഷ്മി. സി | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ആനന്ദ ലക്ഷ്മി | 01.04.2016 മുതൽ 13.06.2016 വരെ |
| | | ശ്രീമതി. രേഖാ ലക്ഷ്മി | 14.06.2016 മുതൽ 31.03.2017 വരെ |
| 4 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. അജീഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ(ആയൂർവേദം) | ഡോ. രാജി | 01.04.2016 മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജോർജ് കുര്യൻ | 01.04.2016 മുതൽ 09.09.2016 വരെ |
| | | ഡോ. ഷീന.ബി.എസ് | 09.09.2016 മുതൽ 23.01.2017 വരെ |
| | | ഡോ. വിജയകുമാരി | 23.01.2017 മുതൽ 25.03.2017 വരെ |
| | | ഡോ.ഷീന.ബി.എസ് | 26.03.2017 മുതൽ 31.03.2017 വരെ |
| 7 | പ്രധാനാദ്ധ്യാപിക, ഗവ.എൽ.പി.എസ് | ശ്രീമതി. പത്മകുമാരി.സി | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ലിജിയാ രാജു | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സനൽ ചന്ദ്രബാബു | 01.04.2016 മുതൽ 07.08.2016 വരെ |
| | | ശ്രീമതി. മഞ്ജു ജോർജ് | 08.08.2016 മുതൽ 31.03.2017 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.വി.ജയലത | 01.04.2016 മുതൽ 31.03.2017 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ബിന്ദു ദേവി | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 3 | 1-3 | ഫണ്ട് വിനിയോഗം |
| 4 | 1-4 | തനതുവരുമാനം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | ക്ഷേമ പദ്ധതികൾ |
| 7 | 1-7 | ക്യാഷ് വെരിഫിക്കേഷൻ |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം – 2 |
| 9 | 2-1 | വസ്തുനികുതി പരിഷ്ക്കരണത്തിലെ അപാകതകൾ |
| 10 | 2-2 | തെറ്റായി വസ്തുനികുതി പരിഷ്കരിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം |
| 11 | 2-3 | ബൈബിൾ സ്റ്റഡി സെന്ററിന്റെ പേരിൽ അനധികൃത കെട്ടിട നിർമ്മാണം |
| 12 | 2-4 | പെർമിറ്റ് സംബന്ധിച്ച അപാകതകൾ |
| 13 | 2-5 | ഈടാക്കിയ ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിൽ ഒടുക്കിയില്ല |
| 14 | 2-6 | തൊഴിൽ നികുതി, സ്ഥാപന നികുതി സംബന്ധമായ അപാകതകൾ |
| 15 | 2-7 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 16 | 2-8 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ കുടിശ്ശിക വാടക പിരിവ് കാര്യക്ഷമമല്ല |
| 17 | 2-9 | പഞ്ചായത്തിന്റെ അനുമതിയില്ലാതെ ലൈവ് സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നു |
| 18 | 2-10 | തനത് ഫണ്ട് പരിപാലനത്തിനായി 2 അക്കൗണ്ടുകൾ - നിക്ഷേപം കറണ്ട് അക്കൗണ്ടായതിനാൽ പലിശ ഇനത്തിൽ വരുമാന നഷ്ടം |
| 19 | 2-11 | ടെൻഡർ ഫീസിനത്തിൽ 15960/- രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 20 | 2-12 | പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളുടെ മിനിട്ട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തുന്നു |
| 21 | 2-13 | ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ അനാസ്ഥ |
| | | ഭാഗം – 3 |
| 22 | 3-1 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച -ചെലവ് അടങ്കൽ തുകയുടെ 35% മാത്രം |
| 23 | 3-2 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഓഫീസ് ഫർണീഷിങ് പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ |
| 24 | 3-3 | മരാമത്തു വേലകളുടെ നിർവ്വഹണത്തിൽ ശ്രദ്ധേയമായ പാളിച്ചകൾ |
| 25 | 3-4 | ടാർ വർക്കുകളുടെ കരാറുകാരിൽ നിന്നും ബാരൽ വില ഈടാക്കിയില്ല-31750/- രൂപയുടെ അധിക ചെലവ് |
| 26 | 3-5 | എഗ്രിമെന്റ് വച്ച് വർക്ക് ഏറ്റെടുത്ത കരാറുകാർ നിർവ്വഹണ കാലയളവ് കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 27 | 3-6 | പ്രോജക്ട് രൂപീകരണത്തിന്റെ പ്രാഥമികനടപടികൾ സ്വീകരിക്കാതെ പണം പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| 28 | 3-7 | ട്രഷറിയിൽ ബിൽ പാസാക്കിയെങ്കിലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് പണം നല്കാത്തതിനാൽ മരുന്ന് ലഭിച്ചില്ല |
| 29 | 3-8 | വിതരണം ചെയ്യാത്ത പച്ചക്കറിത്തൈകളുടെ വിലയിനത്തിൽ 25360/- രൂപയുടെ അധികചെലവ് |

| | | |
|---|---|---|
| 30 | 3-9 | കുറഞ്ഞ വിലയുടെ ടെൻഡർ നിരസിച്ച ശേഷം കൂടിയ തുകയ്ക്ക് കമ്പ്യൂട്ടർ വാങ്ങി |
| 31 | 3-10 | സങ്കേതം ഭവനനിർമ്മാണപദ്ധതി - സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ നടപ്പാക്കി |
| 32 | 3-11 | ആരോഗ്യമേഖല – മരുന്ന് ലഭിക്കുന്നതിൽ കാലതാമസം ; നടപടി അനിവാര്യം |
| 33 | 3-12 | തെരുവിളക്ക് മീറ്ററിംഗ് - പദ്ധതി പൂർത്തിയായില്ല ; തുക തടസ്സപ്പെടുത്തുന്നു |
| 34 | 3-13 | പങ്കാളിത്ത പെൻഷൻ ഒടുക്കുവരുത്തിയിട്ടില്ല |
| 35 | 3-14 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം |
| 36 | 3-15 | പ്രായ പരിധി കഴിഞ്ഞ ആളിന് തൊഴിൽ രഹിത വേതനം നൽകി |
| 37 | 3-16 | മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി -വേതന കുടിശ്ശിക 58.27 ലക്ഷം |
| | | ഭാഗം – 4 |
| 38 | 4-1 | വാർഷിക കണക്ക് പരിശോധന |
| 39 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 40 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 42 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 43 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 44 | 4-7 | ഓഡിറ്റ് റിക്കവറി |
| 45 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 46 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 47 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 48 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | - | - |
| വാർഷിക കണക്ക് പ്രകാരം | 3,81,19,196 | 3,39,53,449 |

ബജറ്റിൽ ഉൾപ്പെടുത്തുന്ന പെൻഷന്റേയും തൊഴിലുറപ്പ് പദ്ധതിയുടേയും വരവ് ചെലവുകൾ വാർഷിക കണക്കുകളുടെ വരവ് ചെലവ് ഭാഗത്ത് ഉൾപ്പെടുത്താത്തതു മൂലം ബജറ്റും വാർഷിക കണക്കുകളുമായി വലിയ വ്യത്യാസം നിലനിൽക്കുന്നു.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9917553 | 8140776 | 82.08 |
| വികസനഫണ്ട് എസ്.സി.പി. | 6561003 | 2052900 | 31.29 |
| സംരക്ഷണഗ്രാന്റ് റോഡ് | 6632448 | 3312641 | 49.95 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2838861 | 2002338 | 70.53 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5562706 | 3027870 # | 54.43 |

| | | | |
|---|---|---|---|
| കെ.എൽ.ജി.എസ്.ഡി.പി. | 2363314 | 303747 | 12.85 |
| എം.എൻ.ആർ. ഇ. ജി.എസ്. | 14992160 (മുന്നിരിപ്പ്-) 7079 | 14925976 | 73263 (നീക്കിയിരിപ്പ്) |
| ബി ഫണ്ട് | 37915376 | 37915376 | 100 |

# വാർഷിക കണക്ക് പ്രകാരം 30148/- രൂപയാണ് ചെലവ്. 13000/- രൂപ AFS -ൽ ഉൾപ്പെട്ടിരുന്നില്ല.

## 1-4 തനതുവരുമാനം

മുൻവർഷത്തേക്കാൾ തനതുവരുമാനത്തിന് 42.03 ശതമാനം കുറവ് വന്നിട്ടുണ്ട് .

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതിവരവുകൾ | 3003923 | 4653161 | 1649238 | 54.90 |
| നികുതിയേതരവരവുകൾ | 1767761 | 677375 | (-)1090386 | (-)61.68 |
| മറ്റിനം | 6970496 | 1476231 | (-)5494265 | (-)78.82 |
| ആകെ | 11742180 | 6806767 | (-)4935413 | (-)42.03 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 142 | 58775618 | 71 | 20837728 | 8 | 63 | 50 |

## 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 142080 | 151 |
| കർഷകതൊഴിലാളി പെൻഷൻ | 5244440 | 537 |
| വിധവാപെൻഷൻ | 7815925 | 774 |
| വാർദ്ധക്യകാലപെൻഷൻ | 19231950 | 1560 |
| വികലാംഗപെൻഷൻ | 3189560 | 267 |
| അവിവാഹിതപെൻഷൻ | 2238995 | 36 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 400000 | 14 |

6628 ഗുണഭോക്താക്കൾക്ക് വേണ്ടി 38262950/-രൂപ വിവിധ ക്ഷേമപെൻഷനുകൾക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2017 – ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21553/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2017 | 06/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2016 | 2011-12 മുതൽ 2015-16 വരെ | ലഭിച്ചിട്ടില്ല |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിഷ്കരണത്തിലെ അപാകതകൾ

(i)വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

ചെറിയനാട് ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ പാർപ്പിടാവശ്യത്തിനായുള്ള 469A-ാം നമ്പർ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

പഞ്ചായത്ത് കമ്മറ്റിയുടെ 05/07/2013 ലെ III(13)-ാം നമ്പർ തീരുമാനപ്രകാരം ക്രമ നമ്പർ 5-ാം നമ്പരായി ഉൾപ്പെടുത്തിയിരിക്കുന്ന വാർഡ് 1 ലെ പണിക്കാശ്ശേരിൽപ്പടി റോഡിനെ 5 മീറ്ററിൽ കൂടുതലുള്ള റോഡായും ടി പ്രദേശം പ്രാഥമിക മേഖലയിലും ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ റോഡിന് സമീപം സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 259.02 ച.മീറ്ററാണ്. ടി കെട്ടിടത്തിന് അടിസ്ഥാന നികുതിയുടെ 5% മാത്രമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. ജി.ഒ(പി)88/2013/തസ്വഭവ തീ.13/03/2013 (ചട്ടം 6) പ്രകാരം പ്രാഥമിക മേഖലയിലുള്ള കെട്ടിടങ്ങൾക്ക് ഇളവിന് അർഹതയില്ലാത്തതും 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് 20% വും 250 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 15% വർദ്ധനവും ഉൾപ്പെടെ ആകെ 35% വർദ്ധനവ് വരുത്തേണ്ടതും ഇപ്രകാരം 2797/- രൂപ വസ്തുനികുതി കണക്കാക്കേണ്ടതുമാണ് (അടിസ്ഥാന വസ്തു നികുതി 8 രൂപ നിരക്കിൽ – 259.02x8 = 2072/- രൂപ. 35% വർദ്ധനവ് = 725. ആകെ 2072+725 = 2797/-രൂപ). ഈ കെട്ടിടം ദ്വിതീയ മേഖലയിൽപ്പെടുത്തിയതിനാൽ 10% ഇളവും വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ 15 % വർദ്ധനവും ഉൾപ്പെടെ ഫലത്തിൽ 5% വർദ്ധനവ് (15%-10%) മാത്രം വരുത്തി 2176/- രൂപ നികുതി നിർണ്ണയിച്ചതിനാൽ ഒരോ വർഷവും 621/- രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടാകുന്നു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) നഷ്ടം കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി പരിഷ്കരിച്ച് പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം കുടിശ്ശിക സഹിതം ഈടാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

(ii)വസ്തുനികുതി പരിഷ്കരണം - മതിയായ രേഖകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടേയും വസ്തുനികുതി പരിഷ്കരണം പൂർത്തിയായതായി അറിയിച്ചിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച ഫോം 6, അനുബന്ധം 2 മാതൃകയിലുള്ള വാർഡ് ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ട്, ബന്ധപ്പെട്ട ഓവർസിയറുടെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ പരിഷ്കരിച്ച നികുതിയുടെ നിജസ്ഥിതി പരിശോധിക്കാൻ ഓഡിറ്റിനായിട്ടില്ല. ഡേറ്റ എൻട്രി ചെയ്ത വിവരങ്ങൾ മേൽ പരിശോധന നടത്തിയതായി രേഖയില്ല. അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കെട്ടിടങ്ങളുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല. രജിസ്റ്ററിലെ മിക്ക കോളങ്ങളും പൂരിപ്പിക്കുന്നില്ല. ഇളവ്, വർദ്ധനവ്, എപ്രകാരം വസ്തുനികുതി നിർണ്ണയിച്ചു തുടങ്ങിയ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 തെറ്റായി വസ്തുനികുതി പരിഷ്കരിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടനികുതി പരിഷ്കരിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ നംപർ, ഉടമയുടെ പേര് | ഉപയോഗത്തിന്റെ തരം | തറവിസ്തീർണ്ണം | യഥാർത്ഥത്തിൽ കണക്കാക്കേണ്ടത് | നിർണ്ണയിച്ച നികുതി | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 260(വാർഡ്11)<br>ശ്രീ.റിജു സാം പുത്തൻപുരയ്ക്കൽ സമീസ്‌വില്ല, ചെറിയനാട് | ആഡിറ്റോറിയം | 136 ച.മീ. | അടിസ്ഥാനനികുതി = 136*40 = 5440 ഇളവ് :കാലപ്പഴക്കം 10% = ഇല്ല.<br>വർദ്ധനവ്: വഴിസൗകര്യം 20% = 1088.<br>വസ്തുനികുതി: 5440+1088=6528<br>ലൈബ്രറി സെസ് :326 സർവ്വീസ് സെസ്സ് :392<br>ആകെ: 6528+326+392 = 7246 | വസ്തുനികുതി: 5440-544+1088 =5984<br>ലൈബ്രറി സെസ് :300<br>സർവ്വീസ് സെസ്സ് :360<br>ആകെ= 6644 | 602 | 25.11.2006-ൽ കെട്ടിട നികുതി നിർണ്ണയിച്ച |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 2 | 215(വാർഡ് 12)<br>ശ്രീ.നവാസ് ഗോൾഡൻപാലസ് ചെറിയനാട് | ആഡിറ്റോറിയം | 1216 ച.മീ. | അടിസ്ഥാനനികുതി = 1216*40 = 48640 ഇളവ്:കാലപ്പഴക്കം 10% = ഇല്ല. വർദ്ധനവ്: വഴിസൗകര്യം 20% = 9728. വസ്തുനികുതി : 58368 ലൈബ്രറിസെസ്:2918 സർവ്വീസ്സെസ്സ്:3502 ആകെ: 58368+2918+3502= 64788 | വസ്തുനികുതി: 48640-4864+9728= 53504 ലൈബ്രറി സെസ് : 2676 സർവ്വീസ് സെസ്സ് :3210 ആകെ = 59390 | 5398 | 21.11.2004-ൽ കെട്ടിടനികുതി നിർണ്ണയിച്ചു |
| 3 | 513(വാർഡ്10)<br>ശ്രീ.അബ്ദുള്ളറാവുത്തർ, ബീനഅബ്ദുള്ള ഊഞ്ഞാൽ പറമ്പിൽ, ചെറിയനാട് | ആഡിറ്റോറിയം | 825 ച.മീ. | അടിസ്ഥാനനികുതി= 825*40=33000 ഇളവ്:കാലപ്പഴക്കം 10% = ഇല്ല. വർദ്ധനവ്: വഴിസൗകര്യം 20% = 6600. വസ്തുനികുതി:39600 ലൈബ്രറിസെസ്:1980 സർവ്വീസ്സെസ്സ്:2376 ആകെ : 39600+1980+2376= 43956 | വസ്തുനികുതി: 33000-3300+6600= 36300 ലൈബ്രറി സെസ് :1815 സർവ്വീസ് സെസ്സ് :2178 ആകെ = 40293 | 3663 | 18.09.2007-ൽ കെട്ടിടനികുതി നിർണ്ണയിച്ചു |
| | | | | | | ആകെ<br>9663 | |

ഫോറം നംപർ 6 ൽ മേൽ കെട്ടിടങ്ങളുടെ കെട്ടിടനികുതിവിവരം (പഴയത്) തെറ്റായി രേഖപ്പെടുത്തിയതിനാൽ ആകെ 9663 രൂപയുടെ പ്രതിവർഷനഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ ക്രമ നംപർ 1 – ൽപ്പെട്ട കെട്ടിടത്തിന്റെ ഫോറം നം.6ൽ ഒന്നാം നിലയുടെ തറവിസ്തീർണ്ണം 132 എന്നും മാറ്റം വന്ന തറവിസ്തീർണ്ണം 82 ച.മീ. എന്നും രേഖപ്പെടുത്തിട്ടുണ്ട്. എന്നാൽ 132 ച.മീ.കെട്ടിടത്തിന്

മാത്രമേ കെട്ടിടനികുതി നിർണ്ണയിച്ചിട്ടുള്ളൂ. മാറ്റം വന്ന 82 ച.മീ. കെട്ടിടഭാഗം വസ്തുനികുതിനിർണ്ണയത്തിന് ഉൾപ്പെടുത്തിയിട്ടില്ല. ഈ വസ്തുതകൾ ഓഡിറ്റ് അന്വേഷണപ്രകാരം (28.07.2017 – ൽ 16-ാം നംപർ) ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് തെറ്റായി കെട്ടിടനികുതി നിർണ്ണയിച്ചതിലുള്ള ന്യൂനത പരിഹരിക്കുന്നതാണെന്ന്, 31.07.17ൽ സെക്രട്ടറി മറുപടി നല്കി. സ്ഥലപരിശോധനനടത്തി തറവിസ്തീർണ്ണം ഉറപ്പാക്കി, ആവശ്യമായ മാറ്റം ഫോറം നംപർ 6 – ൽ ഉൾപ്പെടുത്തുകയും വസ്തുനികുതി പുനർനിർണ്ണയിക്കുകയും ചെയ്യേണ്ടതാണ്. വസ്തുനികുതി പുനർനിർണ്ണയം നടത്തിയതിന്റെ എല്ലാ രേഖകളും ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങളുടെ കെട്ടിടനികുതിയിനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു

## 2-3 ബൈബിൾ സ്റ്റഡി സെന്ററിന്റെ പേരിൽ അനധികൃത കെട്ടിട നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ 6- ാം വാർഡിൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് ട്രസ്റ്റിയുടെ ഉടമസ്ഥതയിലുള്ള 370/3, 370/2, 370/4-2, 370/1-1 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട വസ്തുവിൽ ബൈബിൾ സ്റ്റഡി സെന്ററായി 485.22 ചതുരശ്ര മീറ്ററുള്ള (5221 sqft) കെട്ടിടം നിർമ്മിക്കുന്നതിന് 05.01.2016 – ൽ ട്രസ്റ്റി.റ്റി.ജി മാത്യു നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും 14.01.2016-ൽ അനുമതി നൽകിയിരുന്നു(നം.12-6719/25/14.01.2016). എന്നാൽ നിർമ്മാണ സംബന്ധമായി 27.03.17 ൽ പഞ്ചായത്തിൽ ലഭിച്ച പരാതിയെ തുടർന്ന് 12.04.17 ൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തുകയും നിർമ്മാണത്തിൽ ചട്ട ലംഘനം നടന്നതായി റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 15.04.2017-ൽ സെക്രട്ടറി കെട്ടിട നിർമ്മാണത്തിന് സ്റ്റോപ്പ് മെമ്മോ നൽകി. ഈ നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസിന് ലഭിച്ച പരാതിയെ തുടർന്ന് അവരുടെ ആവശ്യപ്രകാരം 13.06.17- -ൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ സ്ഥല പരിശോധന റിപ്പോർട്ടിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായ ഗുരുതരമായ ചട്ടലംഘനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധമായി ഹാജരാക്കിയ ഫയലിന്റെ പരിശോധനയിലും, ഓഡിറ്റ് ടീമിന് നേരിട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥല പരിശോധനയിലും പ്രസ്തുത കെട്ടിട നിർമ്മാണത്തിൽ ശ്രദ്ധയിൽപെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് പ്രകാരം നിർമ്മിതി വിസ്തീർണ്ണം 485.22 $m^2$ ആണെങ്കിലും, നിലവിൽ നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിട വിസ്തീർണ്ണം 1032.88 $m^2$ ആണ്.
2. പെർമിറ്റിൽ നിന്നും വിരുദ്ധമായി 53.70 മീറ്റർ നീളത്തിലും 2.50 മീറ്റർ വീതിയിലുള്ള പാസ്സേജ് നിർമ്മിച്ചിരിക്കുന്നു.
3. കെട്ടിട നിർമ്മാണ ചട്ടം 56 B(2) iii പ്രകാരം ഏറ്റവും ചുരുങ്ങിയത് 2 മീറ്ററും ശരാശരി 4.50 മീറ്റർ പിന്നാമ്പുറം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.
4. ചട്ടം 56 (2) iii പ്രകാരം നിർമ്മിതി വിസ്തീർണ്ണം 300 $m^2$ കൂടുതലുള്ളതും 10 m വരെ ഉയരമുള്ളതുമായ കെട്ടിടങ്ങൾക്ക് 1.50 മീറ്ററോടു കൂടിയ പാർശ്വാങ്കണം ഉണ്ടായിരിക്കേണ്ടതാണ്. ഈ വ്യവസ്ഥയും പാലിച്ചിട്ടില്ല.
5. പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ നീളം 26.69 മീറ്ററാണ്. എന്നാൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ നീളം 49 മീറ്ററിനു മുകളിലാണ്.
6. നിർമ്മിതിയ്ക്ക് ജില്ലാ ടൗൺ പ്ലാനറുടെ അനുമതി വാങ്ങിയിട്ടില്ല.

കെട്ടിട നിർമ്മാണ സംബന്ധമായി ചട്ട ലംഘനം നടന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അനധികൃത കെട്ടിട നിർമ്മാണത്തിന്മേൽ മേൽ പഞ്ചായത്ത് സ്വീകരിക്കുന്ന തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-4 പെർമിറ്റ് സംബന്ധിച്ച അപാകതകൾ

(i) പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 11(3), പട്ടിക 2 പ്രകാരം, പെർമിറ്റ് ഫീസിനത്തിൽ ഗാർഹിക കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 3 ഉം വാണിജ്യസ്ഥാപനങ്ങൾക്ക് ച.മീറ്ററിന് 5 രൂപാ ക്രമത്തിലും ഈടാക്കണമെന്നിരിക്കെ 2016-17 ൽ പെർമിറ്റ് അനുവദിച്ച ഏതാനും കെട്ടിടങ്ങൾക്ക് ഈ തുകയിലും കുറവായാണ് പെർമിറ്റ് ഫീസ് ഈടാക്കിയതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം./ഉടമസ്ഥന്റെ പേര് | ഉപയോഗ ഇനം | വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | നഷ്ടം |
|---|---|---|---|---|---|---|
| 1 | C3/219/1744/16 dt.29.04.16/മധുസൂദനൻ നായർ, സിന്ധു | ഗാർഹികം | 290.45 | 372 | 871 | 499 |

| | | | | | | |
|---|---|---|---|---|---|---|
| 2. | C3/22/2940/16 dt.2/05 /16/സുരേഷ് കുമാർ, ജ്യോതി | ഗാർഹികം | 294.66 | 584 | 884 | 300 |
| 3 | C3/90/4184/16 dt.3/08 /16/കെ.എം.ഈശോ | വാണിജ്യം | 200.23 | 601 | 1001 | 400 |
| 4 | C3/3897/16 dt.22/06/16 | ഗാർഹികം | 217 | 140 | 651 | 511 |
| 5 | C3/3540/16 dt.2/6 /16/സെന്റ് ജോർജ്ജ് മർത്തോമാ ചർച്ച് | ആരാധനാലയം | 130.48 | 392 | 652 | 260 |
| 6 | C3/543/17 dt14/2/17 | വാണിജ്യം | 106.46 | 319 | 532 | 213 |
| | | ആകെ | | | | 2183 |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) പെർമിറ്റ് ഫീസ് ഈടാക്കിയതുവഴിയുണ്ടായ നഷ്ടം കെട്ടിട ഉടമയിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ടി നഷ്ടം കെട്ടിട ഉടമസ്ഥരിൽ നിന്ന് ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ii) ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല

പെർമിറ്റ് എടുക്കാതെ പണി പൂർത്തിയാക്കി ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഇത്തരം കെട്ടിടങ്ങളുടെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിലോ റഗുലറൈസേഷൻ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) രജിസ്റ്ററിൽ ക്രമവൽക്കരണ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(iii)പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ ഭാഗിക വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. പല കെട്ടിടങ്ങളുടേയും പെർമിറ്റ് ഫീസ് ഈടാക്കിയ വിവരങ്ങൾ കോളം 8 ൽ ലഭ്യമല്ല. പണി പൂർത്തിയാക്കി കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ കോളം 20 - ൽ രേഖപ്പെടുത്തുന്നില്ല. 3വർഷ കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കുന്നതായി രേഖയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നതാണെന്ന് മറുപടി ലഭിച്ചു. അപാകത പരിഹരിച്ച് ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-5 ഈടാക്കിയ ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിൽ ഒടുക്കിയില്ല

ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന തുക യഥാസമയം ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നതായി രേഖയില്ല. വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിൽ അടവാക്കാനുള്ളത് 168836/- രൂപയാണ്. ലൈബ്രറി സെസ്സ് ഇനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന് അടവാക്കാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ഹാജരാക്കണ മെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.11) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. അപാകത പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി, സ്ഥാപന നികുതി സംബന്ധമായ അപാകതകൾ

(i)ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയില്ല

ചെറിയനാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതാനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2016-17-ൽ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇനം/അർദ്ധ വർഷം | നഷ്ടം |
|---|---|---|---|
| 1 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്സ് | സ്ഥാപന നികുതി (IInd) | 1250 |
| 2 | ART ലീസിംഗ് & ഗോൾഡ് ലോൺ, പടനിലം | സ്ഥാപന നികുതി (Ist & IInd) | 2500 |

| | | | |
|---|---|---|---|
| 3 | ART ലീസിംഗ് & ഗോൾഡ് ലോൺ, കൊല്ലകടവ് | സ്ഥാപന നികുതി (Ist & IInd) | 2500 |
| 4 | വടക്കേമുറിയിൽ ഫിനാൻസ് | സ്ഥാപന നികുതി (Ist & IInd) | 2500 |
| 5 | പുത്തൻ വീട്ടിൽ ഫൈനാൻസിയേഴ്സ് | സ്ഥാപന നികുതി (Ist & Iind) | 2500 |
| 6 | കോട്ടുകളഞ്ഞി നിധി ലിമിറ്റഡ്, കൊല്ലകടവ് | സ്ഥാപന നികുതി (Ist & Iind) | 2500 |
| 7 | ഷൈൻ ഫൈനാൻസിയേഴ്സ്, കൊല്ലകടവ് | സ്ഥാപന നികുതി (Ist & Iind) | 2500 |
| 8 | പനയ്ക്കൽ ഫൈനാൻസിയേഴ്സ്, ചെറിയനാട് | സ്ഥാപന നികുതി (Ist & II nd) | 2500 |
| | ആകെ | | 18750/- |

ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12, നം.22) സ്ഥാപന നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി പിരിച്ചെടുക്കേണ്ടതാണ്. നഷ്ടമായ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

(ii)അരിയർ ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുകയോ ഡി.സി.ബി തയ്യാറാക്കുകയോ ചെയ്തില്ല

തൊഴിൽ നികുതി രജിസ്റ്ററിൽ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നീ ഇനങ്ങളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. ടി ഇനങ്ങളുടെ അരിയർ ഡിമാന്റ് രജിസ്റ്ററും പരിപാലിക്കുന്നില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) മറുപടി ലഭിച്ചില്ല. അപാകത പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

(i)മുൻ വർഷത്തേക്കാൾ കുറവായി ഡി & ഒ ഫീസ് ഈടാക്കിയതിനാൽ നഷ്ടം

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17-ൽ മുൻവർഷത്തെ അപേക്ഷിച്ച് ഡി & ഒ ഫീസ് കുറവായി ഈടാക്കിയതിനാൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം, വാർഡ് | 2015-16-ൽ ഈടാക്കിയ ഫീസ് | 2016-17-ൽ ഈടാക്കിയ ഫീസ് | നഷ്ടം | റിമാർക്സ് |
|---|---|---|---|---|---|
| 1 | മാബി സ്റ്റോഴ്സ് (VIII/462A) | 200/- (Rt.1115111/496 dt.15.5.2015) | 100/- | 100/- | പലചരക്ക് വ്യാപാരം |
| 2 | തൈവിളയിൽ സ്റ്റോഴ്സ് (XI/218) | 200/- (Rt.115111/2029 dt.14.10.2015) | 100/- | 100/- | സ്റ്റേഷനറി |
| | ആകെ | | | 200/- | |

മുൻ വർഷത്തേക്കാൾ കുറവായി ഡി & ഒ ഫീസ് ഈടാക്കിയതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) നഷ്ടമായ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. നഷ്ടമായ തുക ഈടാക്കാത്ത പക്ഷം ആയത് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

(ii)ബിവറേജസ് ഔട്ട് ലെറ്റിൽ നിന്നും നിയമാനുസൃത ഫീസ് ഈടാക്കിയില്ല

കേരള സംസ്ഥാന ബിവറേജസ് ഔട്ട് ലെറ്റിൽ നിന്നും (നം.FL 1 4019) ഡി & ഒ ഫീസായി 500/- രൂപ മാത്രമാണ് 2016-17-ൽ ഈടാക്കിയത്. ടി സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ് 6.5 ലക്ഷമാണെന്ന് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലുണ്ട്. ലൈസൻസ് ചട്ടം പട്ടിക II പ്രകാരം ഒരു ലക്ഷം രൂപയ്ക്കു മേൽ പ്രതിദിന വിറ്റുവരവുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ഫീസായ 4000/- രൂപ ഈടാക്കാവുന്നതാണ്. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.14) നഷ്ടമായ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. പ്രതിദിന വരുമാനം കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത ഫീസ് പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതും ഡി & ഒ ഫീസ് കുറവായി ഡിമാന്റ് ചെയ്ത് ഈടാക്കുകവഴിയുണ്ടായ നഷ്ടം

ടി സ്ഥാപനത്തിൽ നിന്ന് ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

(iii)ഡി.സി.ബി യും ട്രേഡേഴ്സ് ലിസ്റ്റും തയ്യാറാക്കിയില്ല

2016-17 ലെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. കൂടാതെ ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കിയിട്ടുമില്ല. ടി വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) നടപടി സ്വീകരിക്കാം എന്ന് മറുപടി ലഭിച്ചു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല. അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

(iv)വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റില്ലാതെ പോൾട്രി ഫാമിന് ലൈസൻസ് നൽകി

ചെറിയനാട് മാംബ്ര (IV/338) മിനിമോൾ തോമസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള മിനി പോൾട്രി ഫാമിന് (കോഴി വളർത്തൽ, വിൽപ്പന) വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റില്ലാതെ ലൈസൻസ് നൽകി (നം. 03918 തീ. 06.01.2017). ടി വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) നടപടി സ്വീകരിക്കാമെന്ന് മറുപടി ലഭിച്ചു. നിയമാനുസൃത രേഖകൾ ഹാജരാക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രം ലൈസൻസ് നൽകേണ്ടതും മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനാനുമതി പുന:പരിശോധിക്കേണ്ടതുമാണ്.

(v)വരുമാനം കൂടിയ സ്ഥാപനങ്ങളിൽ നിന്നും തുച്ഛമായ നിരക്കിൽ ഫീസ് ഈടാക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പലചരക്ക്, മാർജിൻ ഫ്രീ മാർക്കറ്റ് എന്നിവയുൾപ്പെടെ താരതമ്യേന വരുമാനം കൂടിയ സ്ഥാപനങ്ങളിൽ നിന്നും തുച്ഛമായ നിരക്കിലാണ് ഡി & ഒ ഫീസ് ഈടാക്കുന്നത്. അപേക്ഷയിൽ പ്രതിദിന വരുമാനം കുറച്ച് കാണിക്കുന്നതിനാൽ പല സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ഫീസ് ഈടാക്കി വരുന്നത്. പല സ്ഥാപനങ്ങളുടേയും പ്രതിദിന വരുമാനം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. ഉദാഹരണമായി ക്രമ നമ്പർ 9 ലെ ചിക്കൻ ഫാമിന് പ്രതി ദിന വരുമാനം 250/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുച്ഛമായി ഡി & ഒ ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കിയ ഡി & ഒ ഫീസ് |
|---|---|---|
| 1 | അക്ഷയ സോളിഡ് & ഹോളോ ബ്രിക്സ് | 100 |
| 2 | പൊന്നൂസ് ചിക്കൻ സെന്റർ | 100 |
| 3 | മാർജിൻ ഫ്രീ മാർക്കറ്റ്, കൊല്ലുകടവ്<br>(C/o സലിം റാവുത്തർ) | 100 |
| 4 | ജാനകി സ്റ്റോഴ്സ് | 100 |
| 5 | വിദ്യാ സ്റ്റോഴ്സ് | 100 |
| 6 | തുണ്ടത്തിൽ സ്റ്റോഴ്സ് | 100 |
| 7 | കരിം സ്റ്റോഴ്സ്, കൊല്ലുകടവ് | 100 |
| 8 | സാംസൺ ഏജൻസീസ് (സാനിട്ടറി, പ്ലംബിംഗ്, ഇലക്ട്രിക്കൽ) | 100 |
| 9 | ആൽഫാ ചിക്കൻ ഫാം | 100 |
| 10 | അൽഫാ കോഫി ഹൗസ് | 100 |

യഥാർത്ഥ വരുമാനം പരിഗണിക്കാതെ മുൻവർഷങ്ങളിലെ അതേ നിരക്കിൽ ഡി & ഒ ഫീസ് ഈടാക്കിയതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) പരിഷ്കരിച്ച ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. അപാകത പരിഹരിക്കേണ്ടതും പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(vi)ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17-ൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയില്ല.

(i) സപ്ലകോ ലാഭം മാർക്കറ്റുകൾ

(ii) റേഷൻ കടകൾ

(iii) കള്ളുഷാപ്പുകൾ

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22) ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി

ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനാനുമതി പുന: പരിശോധി ക്കേണ്ടതുമാണ്.

## 2-8 ഷോപ്പിംഗ് കോംപ്ലക്സുകളുടെ കുടിശ്ശിക വാടക പിരിവ് കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തുരുത്തിമേൽ, കൊല്ലകടവ് എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകളുണ്ട്. ഡിമാന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ വാടക, പിഴപ്പലിശ എന്നീ ഇനങ്ങളിൽ 31.03.17 വരെ താഴെപ്പറയും പ്രകാരം കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| വർഷം | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | വാടകക്കാരന്റെ പേര് /മേൽവിലാസം | വാടകയിനത്തിൽ ലഭിക്കേണ്ട തുക (പിഴ പലിശ ഉൾപ്പടെ) |
|---|---|---|---|
| 2014-15 | തുരുത്തിമേൽ ഷോപ്പിംഗ് കോംപ്ലക്സ് | നാരായണൻ,പുറന്തോലിൽ, ചെറിയനാട് | 6522 +71= 6593 |
| | കൊല്ലകടവ് ഷോപ്പിംഗ് കോംപ്ലക്സ് | സി.എച്ച്.അസീസ്,ചിറയിൽ,കൊല്ലകടവ് | 19486 + 7371 =26857 |
| | കൊല്ലകടവ് ഷോപ്പിംഗ് കോംപ്ലക്സ് | രാധാകൃഷ്ണ പിള്ള, കുഴിവേലിത്തറയിൽ, കൊല്ലകടവ് | 6220 + 11025 =17245 |
| 2015-16 | തുരുത്തിമേൽ ഷോപ്പിംഗ് കോംപ്ലക്സ് | ശ്രീകുമാർ, കാവിൽ വീട്, നെട്ടുവരംകോട് | 3672 + 321 = 3993 |
| | കൊല്ലകടവ് ഷോപ്പിംഗ് കോംപ്ലക്സ് | സി.എച്ച്.അസീസ്, ചിറയിൽ, കൊല്ലകടവ് | 13236 + 1158 = 14394 |
| | കൊല്ലകടവ് ഷോപ്പിംഗ് കോംപ്ലക്സ് | രാധാകൃഷ്ണ പിള്ള, കുഴിവേലിത്തറയിൽ, കൊല്ലകടവ് | 46308 +4052 = 50360 |
| | കൊല്ലകടവ് ഷോപ്പിംഗ് കോംപ്ലക്സ് | നിഷാദ്,കരിക്കും വിളയിൽ, കൊല്ലകടവ് | 7500 + 683 = 8183 |
| 2016-17 | തുരുത്തിമേൽ ഷോപ്പിംഗ് കോംപ്ലക്സ് | പദ്മാക്ഷൻ, ത്രിവേണി | 6912+450 = 7362 |
| | | ആകെ | 1,34,987 |

കൊല്ലകടവ് ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരായിരുന്ന സി.എച്ച്.അസീസ്, രാധാകൃഷ്ണ പിള്ള എന്നിവർ 2014-15 2015-16 കാലയളവുകളിൽ തുടർച്ചയായി വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവരാണ് . മുൻ വർഷ റിപ്പോർട്ടിലും ഇതു സംബന്ധിച്ച് പരാമർശം വന്നിരുന്നു.

വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 20/ 29.07.2017 ന് മറുപടി നല്കിയിട്ടില്ല. വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 2-9 പഞ്ചായത്തിന്റെ അനുമതിയില്ലാതെ ലൈവ് സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നു

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ ) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം 2 പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെയും അപ്രകാരമുള്ള ലൈസൻസിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ചട്ടം 3 ന്റെ ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഫാം തുടങ്ങുകയോ നടത്തുകയോ ചെയ്യരുത്. ചട്ടത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ചെറിയനാട് ഗ്രാമ പഞ്ചായത്ത് 4-ാം വാർഡിൽ വരാപ്പുഴ ലക്ഷം വീട്ടു കോളനിയിൽ ശ്രീമതി.റാണി സ്റ്റാൻലിയുടെ ഉടമസ്ഥതയിൽ പൊതു ജനങ്ങൾക്ക് അസഹ്യത ഉളവാക്കും വിധം അനധികൃത ഫാം പ്രവർത്തിക്കുന്നതായി പഞ്ചായത്തിന്റെ പരാതി രജിസ്റ്ററിൽ നിന്നും വ്യക്തമാണ്.

അനധികൃത ഫാമിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടി വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.13/27.07.17 ന് ഉള്ള മറുപടിയിൽ മെഡിക്കൽ ഓഫീസറുടെ 09.12.2016 ലെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് എടുക്കുവാൻ ഫാമുടമയ്ക്ക് നോട്ടീസ് നല്കിയിരുന്നുവെങ്കിലും ടിയാൾ അത് കൈപ്പറ്റിയില്ല എന്നും പഞ്ചായത്ത് സ്വീകരിച്ച എല്ലാ തുടർ നടപടികളും അവഗണിച്ച് ലൈസൻസില്ലാതെ തന്നെ ഫാം പ്രവർത്തിപ്പിക്കുന്നതായും മറുപടി നല്കി.

അനധികൃത ഫാമിന്റെ പ്രവർത്തനം നിർത്തി വയ്പ്പിക്കുവാനുള്ള സത്വര നടപടി ഭരണ സമിതി സ്വീകരിക്കേണ്ടതാണ്.

## 2-10 തനത് ഫണ്ട് പരിപാലനത്തിനായി 2 അക്കൗണ്ടുകൾ - നിക്ഷേപം കറണ്ട് അക്കൗണ്ടായതിനാൽ പലിശ ഇനത്തിൽ വരുമാന നഷ്ടം

ചെറിയനാട് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിപ്പിനായി ചെറിയനാട് സർവീസ് സഹകരണ ബാങ്കിലും (അക്കൗണ്ട് നം.1733), ജില്ലാ സഹകരണ ബാങ്കിലുമായി (അക്കൗണ്ട് നം.4005/11/01/000107, കൊല്ലകടവ് ശാഖ) 2 അക്കൗണ്ടുകൾ പരിപാലിച്ചുവരുന്നു. ഇടപാടുകൾ കുറവായ ചെറിയനാട് സർവീസ് സഹകരണ ബാങ്കിലെ അക്കൌണ്ടിൽ 12/2015 – നു ശേഷം ഇടപാടുകളൊന്നും നടന്നിട്ടില്ല. ഓഡിറ്റ് തീയതിയിൽ ഈ അക്കൗണ്ടിൽ 558070/- രൂപ മിച്ചമുണ്ട്. സർക്കുലർ നം.58725/എഫ്.എം.3/2008/തസ്വഭവ/26.05.2011-ൽ തനത് ഫണ്ട് സൂക്ഷിപ്പിന് ഒറ്റ അക്കൗണ്ട് മാത്രം ഉപയോഗിക്കാൻ നിഷ്കർഷിക്കുന്നു. പഞ്ചായത്തിന്റെ പ്രധാന അക്കൗണ്ടായ ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിൽ ഓരോ മാസവും ശരാശരി 20 ലക്ഷം രൂപയുടെ ഇടപാടുകൾ നടത്തപ്പെടുന്നുണ്ടെങ്കിലും ടി അക്കൗണ്ട് കറണ്ട് അക്കൗണ്ടായി നിലനിർത്തുന്നതിനാൽ പലിശ ഇനത്തിൽ വൻ തോതിൽ വരുമാനം നഷ്ടപ്പെടുന്നു. ഇതു സംബന്ധിച്ച് അപാകം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെ പഞ്ചായത്ത് പരിഹാര നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22) സേവിംഗ്സ് ബാങ്ക് നിക്ഷേപമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നറിയിച്ചു. പഞ്ചായത്തിന് സൗകര്യപ്രദമായ ഒരു അക്കൗണ്ട് സേവിംഗ്സ് ബാങ്ക് നിക്ഷേപമാക്കി നില നിർത്തി ഇടപാടുകൾ കുറവായ അക്കൗണ്ട് ക്ലോസ് ചെയ്ത് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-11 ടെൻഡർ ഫീസിനത്തിൽ 15960/- രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2016-17 വർഷം ഇ - ടെൻഡർ ചെയ്ത 4 മരാമത്ത് വേലകളുടെ ടെൻഡർ ഫീസിനത്തിൽ കരാറുകരിൽ നിന്നും 15960/- രൂപ ലഭിച്ചിരുന്നു. ജില്ലാപഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഈ തുക നാളിതുവരെ (7/17) പഞ്ചായത്തിനു ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിന്റെ പേര് | എസ്റ്റിമേറ്റ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ലഭിച്ച ടെൻഡർ ഫീസ് |
|---|---|---|---|
| 1.തിരുവേലിൽപടി-എണ്ണാമ്പിൽ ചെറുമിക്കാട് കോളനി റോഡ് | 700000 | 3 | 1470*3=4410 |
| 2.മാളിയേക്കൽചിറ കോളനി റോഡിന്റെ പുനരുദ്ധാരണം | 700000 | 3 | 1470*3=4410 |
| 3. 9ാം വാർഡിലെ അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണം | 1000000 | 2 | 2100*2=4200 |

| | | | |
|---|---|---|---|
| 4.ഊരുതറ തോണ്ടുതറ റോഡിന്റെ സൈഡ് സംരക്ഷണവും, ഫില്ലിംഗും | 700000 | 2 | 1470*2=2940 |
| ആകെ | | | 15960 |

ടെന്റർ ഫീസിനത്തിൽ പഞ്ചായത്തിന് അർഹമായ ഈ തുക ഈടാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-12 പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളുടെ മിനിട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തുന്നു

പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിലും അതിന്റെ പരിപാലനത്തിലും അധികൃതർ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ മിനിട്ട്സ് ബുക്കിൽ 7-10-2016-ന ശേഷമുള്ള കമ്മിറ്റി തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയ 30.03.2016 ന ശേഷമുള്ള തീരുമാനങ്ങളാവട്ടെ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. പല തീയതികളിലേയും തീരുമാനങ്ങൾ മിനിട്ട്സിൽ പൂർണ്ണമായി രേഖപ്പെടുത്താതെ ബ്ലാങ്കായിട്ടിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | രേഖപ്പെടുത്താത്ത തീരുമാനങ്ങളുടെ നമ്പർ |
|---|---|
| 2.6.2016 | I(3) |
| 30.6.2016 | V |
| 15.7.2016 | VI |
| 15.7.2016 | IX |
| 30.7.2016 | V(4) |
| 30.7.2016 | VII |
| 23.8.2016 | IV |
| 1.9.2016 | II |

7-11-2016 തീയതി മുതൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതായാണ് സെക്രട്ടറി അറിയിച്ചതെങ്കിലും ഇപ്രകാരം മിനിട്ട്സ് തയ്യാറാക്കുകയോ, പകർപ്പെടുത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളുടെ മിനിട്ട്സ് യഥാവിധി തയ്യാറാക്കി സൂക്ഷിക്കാത്തത് അധികൃതരുടെ ഭാഗത്തുനിന്നുമുള്ള കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആകയാൽ വിഷയം തുടർ നടപടികൾക്ക് ഭരണ വിഭാഗത്തിന്റെയും, ഭരണ വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-13 ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ അനാസ്ഥ

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ (കെട്ടിടങ്ങൾ,റോഡുകൾ,വസ്തുവകകൾ മുതലായവ)കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ട ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ അധികൃതർ വീഴ്ച വരുത്തുന്നു. 2009-10 വർഷം തയ്യാറാക്കിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുവെങ്കിലും ഇതിലെ രേഖപ്പെടുത്തൽ അപൂർണ്ണമാണ്. രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്താതെ ബ്ലാങ്കായിട്ടിരിക്കുന്നു. എൻട്രികളിൽ മിക്കതിനും സാക്ഷ്യപ്പെടുത്തലില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളാകട്ടെ കൃത്യവുമല്ല. തുടർന്നുള്ള വർഷങ്ങളിൽ ആർജ്ജിച്ച ആസ്തികൾക്കനുസൃതമായി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടും ഇല്ല. പഞ്ചായത്തിന്റെ ആസ്തികൾ കൃത്യമായി തിട്ടപ്പെടുത്തി രജിസ്റ്റർ പരിപാലിക്കണമെന്ന ആവർത്തിച്ചുള്ള സർക്കാർ നിർദ്ദേശം പാലിക്കാതിരിക്കുന്നത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുള്ള കുറ്റകരമായ അനാസ്ഥയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ആസ്തികളും തിട്ടപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്ന തിനാവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച -ചെലവ് അടങ്കൽ തുകയുടെ 35% മാത്രം

ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിൽ വരുത്തിയ വീഴ്ച മൂലം പദ്ധതി നിർവ്വഹണം അടങ്കൽ

തുകയുടെ 35% മാത്രമായി ഒതുങ്ങി. ഗ്രാമപഞ്ചായത്തിന്റെ 142 പദ്ധതികൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചിരുന്നത്. ഇതിൽ 63 പദ്ധതികൾ നടപ്പാക്കാതിരുന്നതുമൂലം അവയ്ക്കായി വകയിരുത്തിയ തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞില്ല. നടപ്പാക്കിയ 79 പദ്ധതികളിൽ 71 എണ്ണം മാത്രമാണ് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അനുമതി ലഭിച്ച പദ്ധതികൾക്കായി 58775618 രൂപ വകയിരുത്തിയിരുന്നുവെങ്കിലും 20837728 രൂപ ചെലവഴിക്കുവാനെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ (35%). അസിസ്റ്റൻറ് എഞ്ചിനീയർ, വെറ്ററിനറി സർജൻ, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് 25% ൽ താഴെ മാത്രമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉദ്യോഗസ്ഥൻ | അനുമതി ലഭിച്ച പ്രോജക്ടിന്റെ എണ്ണം | നടപ്പാക്കിയ പ്രോജക്ടിന്റെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1.വെറ്ററിനറി സർജൻ | 10 | 5 | 3886000 | 284930 | 7% |
| 2.അസിസ്റ്റൻറ് എഞ്ചിനീയർ | 55 | 25 | 26938706 | 4908653 | 18% |
| 3.അസിസ്റ്റന്റ് സെക്രട്ടറി | 8 | 4 | 6915520 | 1557900 | 23% |

ലോകബാങ്ക് ധനസഹായമിനത്തിൽ പഞ്ചായത്തിന് തൻവർഷം ലഭിച്ച 2363314/- രൂപയിൽ 303747/- രൂപ മാത്രമാണ് ചെലവഴിച്ചതെന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിച്ച് യഥാസമയം ബില്ലുകൾ ട്രഷറിയിൽ നല്കാതിരുന്നതുമൂലം വി.ഇ.ഒ, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടേതായി 31-03-17-ൽ സമർപ്പിച്ചിരുന്ന 5091086/-രൂപയുടെ 22 ബില്ലുകൾ പാസ്സായതുമില്ല.

വിവിധ വികസന പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾക്ക് അംഗീകാരം വാങ്ങിയ ശേഷം മതിയായ ഫണ്ടുണ്ടായിട്ടും അവ നടപ്പാക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ജനോപകാരപ്രദമായ പദ്ധതികൾക്കായി വകയിരുത്തുന്ന തുക പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിൽ വരുത്തുന്ന വീഴ്ചമൂലം ലാപ്സായി പോകുന്നുവെന്നതിനാൽ വിഷയം ഭരണ വിഭാഗത്തിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഓഫീസ് ഫർണീഷിങ് പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ

പ്രോജക്ട് : S0147/17

അടങ്കൽ :326010 (325814-ലോകബാങ്ക് ധനസഹായം,196-തനത് ഫണ്ട്)

നിർവ്വഹണം: സെക്രട്ടറി

ചെലവ്: ബിൽ നം.35/16-17/31-3-17-303747/-

ഭരണാനുമതി: 1/1-9-16

2016-17 വർഷം സെക്രട്ടറി നടപ്പാക്കിയ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഓഫീസ് ഫർണീഷിങ് എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കാതിരിക്കുക വഴി ഗുരുതരമായ പാളിച്ചയുണ്ടായി. ഫർണീച്ചർ വാങ്ങലിനായാണ് പ്രോജക്ടിൽ അനുമതി നൽകിയിരുന്നതെങ്കിലും സെക്രട്ടറിയുടെയും 6 ജീവനക്കാരുടെയും ക്യാബിൻ നിർമ്മാണമാണ് നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ സംബന്ധമായുള്ള ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. ക്യാബിൻ നിർമ്മാണത്തിനായി പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, 326010/- രൂപ അടങ്കലുള്ള ഈ നിർമ്മാണ പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി തേടുകയോ ചെയ്തിട്ടില്ല.
2. വർക്കിന്റെ നിർവ്വഹണ സംബന്ധമായി സ്കെച്ച്,പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.
3. 4/11/2016 ൽ ഇതിലേക്ക് ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിലും ഓഫീസ് ക്യാബിൻ ചെയ്യൽ (സെക്രട്ടറി ഉൾപ്പടെ) 6 എണ്ണം എന്നുമാത്രമാണ് ടെൻഡർ നോട്ടീസിൽ കാണിച്ചിരുന്നത്. ചെയ്യേണ്ട ക്യാബിനുകളുടെ സ്പെസിഫിക്കേഷൻ ഒന്നും പരസ്യത്തിൽ വ്യക്തമാക്കിയിട്ടില്ല.
4. 30-11-16 ൽ താഴെ പറയും പ്രകാരം 3 ടെൻഡറുകൾ ലഭിച്ചിട്ടുണ്ട്.

| കരാറുകാരൻ/ഏജൻസി | രേഖപ്പെടുത്തിയ നിരക്ക് |
|---|---|
| തമ്പുരാൻ കാലയിൽ ട്രേഡ് ലിംഗ്സ്,നാരാങ്ങാനം | 5.7 % കുറവ് |
| അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ,തിരുവല്ല | 1%കുറവ് |

| | |
|---|---|
| സുജിത് കുമാർ.എസ്, പോക്കാട് വീട്, കൊല്ലകടവ് | 6.83 %കുറവ് |

എന്നാൽ ലഭിച്ച ടെൻഡറികളിലൊന്നും നിർമ്മിക്കുവാനുള്ള ക്യാബിന്റെ നിർമ്മാണ വസ്തു ഏതെന്നോ സ്പെസിഫിക്കേഷനോ കാണിച്ചിട്ടില്ല.

5. നിലവിൽ പഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുടെ കരാറുകാരനായ ശ്രീ.സുജിത് കുമാറാണ് ഈ വർക്ക് നടത്തിയിട്ടുള്ളതെങ്കിലും ടിയാനെ നിർവ്വഹണ ചുമതല ഏൽപ്പിച്ചത് പഞ്ചായത്തു കമ്മിറ്റിയുടെ ഏത് തീരുമാന പ്രകാരമാണെന്ന് വ്യക്തമല്ല (ഈ കാലയളവിലെ മിനിട്ട്സ് ഓഡിറ്റ് കാലയളവിലും തയ്യാറാക്കിയിട്ടില്ല)
6. 24.11.16 തീയതി വച്ചുള്ള 200 രൂപയുടെ ബ്ലാങ്ക് മുദ്രപത്രങ്ങൾ (100+50+50) മാത്രമാണ് വർക്ക് ഏറ്റെടുത്ത കരാറുകാരൻ എഗ്രിമെന്റിനായി ഹാജരാക്കിയിട്ടുള്ളത്. ഇതിൽ വ്യവസ്ഥകളൊന്നും എഴുതി ചേർത്തിട്ടില്ല.
7. കരാറുകാരൻ ചെയ്ത വർക്കുകൾ മേൽ പരിശോധന നടത്തുകയോ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വർക്കിന്റെ നിർവ്വഹണസംബന്ധമായി ക്ഷമതയുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ രേഖയില്ലാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.
8. വർക്ക് മെഷർ ചെയ്യുകയോ, അളവുകൾ ചെക്ക് മെഷർ നടത്തുകയോ ചെയ്യാതെ 24-3-17-ൽ വർക്ക് പൂർത്തീകരിച്ചതായി കാണിച്ച് ബിൽ തയ്യാറാക്കുകയും, ചെയ്ത 3 ഇനങ്ങൾക്ക് 303747/-രൂപ മൂല്യം ഉള്ളതായി ബില്ലിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് എപ്രകാരമെന്ന് വ്യക്തമല്ല.
9. ബില്ലിനോടൊപ്പമുള്ള മെമ്മോറാണ്ടം ഓഫ് പേയ്മെന്റിൽ പാസ്സാക്കിയ ഉദ്യോഗസ്ഥനും കരാറുകാരനും ഒപ്പിട്ടിട്ടില്ല.
10. മൂല്യം നിശ്ചയിച്ച 303747/- രൂപയിൽ നിന്നും നികുതി ഇനത്തിൽ നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഉൾപ്പെടെ 18226/- രൂപ കുറച്ച് ശേഷിച്ച 285521/-രൂപ കരാറുകാരന് നൽകിയതായാണ് രേഖ. എന്നാൽ കരാറുകാരൻ സമർപ്പിച്ച ടെൻഡറിൽ 6.83 % കുറവ് രേഖപ്പെടുത്തിയിരിക്കെ ട്രഷറിയിൽ നിന്നും ഇതിലേക്കായി പിൻവലിക്കാവുന്ന തുക നികുതികൾ ഉൾപ്പെടെ 283001/- രൂപ മാത്രമായിരുന്നു (20746/- രൂപ അധികം പിൻവലിച്ചു).

    ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ്, സ്കെച്ച്, പ്ലാൻ, സാങ്കേതികാനുമതി, വർക്കിന്റെ മേൽ പരിശോധന നടത്തി അളവ് രേഖപ്പെടുത്തൽ, മൂല്യ നിർണ്ണയം നടത്തൽ തുടങ്ങിയ ജോലികളൊന്നും പഞ്ചായത്തിലെ എഞ്ചിനീയറിങ് വിഭാഗം നടത്തിയിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വർക്കിന്റെ നിർവ്വഹണത്തിലുണ്ടായ മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/27.7.17) എൽ.എസ്.ജി.ഡി ഓവർസിയറെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതായും വാങ്ങൽ പ്രോജക്ടായതിനാലാണ് സാങ്കേതികാനുമതിയും മൂല്യനിർണ്ണയവും നടത്താതിരുന്നതെന്നും സെക്രട്ടറി മറുപടി നല്കി. എന്നാൽ എഞ്ചിനീയറുടെ മറുപടിയുടെ അടിസ്ഥാനത്തിലും, ക്യാബിൻ നിർമാണത്തിനായാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളതെന്നതിനാലും ഈ മറുപടി അംഗീകരിക്കുന്നില്ല. ആകയാൽ നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധമായി നിലവിലുള്ള സർക്കാർ നിബന്ധനകൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെ ഈ വർക്കിനായി പിൻവലിച്ച 303747/- രൂപ യിൽ പ്രവൃത്തിക്കായി അധികം ചെലവഴിച്ച 20746/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ശേഷിച്ച ചെലവ് തുകയായ 283001/- രൂപ മേൽക്കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു. വർക്കിന്റെ നിർവ്വഹണസംബന്ധമായി സമഗ്രമായ അന്വേഷണം നടത്തുന്നതിനും ചെയ്ത വർക്കിന്റെ മൂല്യം തിട്ടപ്പെടുത്തി അധികചെലവുണ്ടായിട്ടുള്ള പക്ഷം ആയത് ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനും ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-3 മരാമത്തു വേലകളുടെ നിർവ്വഹണത്തിൽ ശ്രദ്ധേയമായ പാളിച്ചകൾ

ഗ്രാമപഞ്ചായത്തിന്റെ 55 മരാമത്തു വേലകൾക്ക് 2016-17 വർഷം അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും 25 എണ്ണം മാത്രമാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത്. ചെലവഴിക്കാൻ കഴിഞ്ഞതാകട്ടെ പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയുടെ 18% മാത്രവും. നടപ്പാക്കിയ പദ്ധതികളുടെ നിർവ്വഹണത്തിലും ശ്രദ്ധേയമായ അപാകതകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമാകുന്നു. നിശ്ചിത പ്രവൃത്തികൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു പകരം അവയുടെ എതാനും ഭാഗങ്ങൾക്കു മാത്രമായി പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തുകയാണുണ്ടായത്. ഇതുമൂലം തൻ വർഷം ടെൻഡർ ചെയ്ത 29 പ്രവൃത്തികളിൽ നടപ്പാക്കിയ 25 പദ്ധതികളുടെയും അടങ്കൽ 5 ലക്ഷത്തിൽ താഴെയാണ്. ഈ 25 പ്രവൃത്തികൾക്കായി ടെൻഡർ ക്ഷണിച്ചപ്പോഴാകട്ടെ (പേപ്പർ ടെൻഡർ) എല്ലാ വർക്കുകൾക്കും 2 ടെൻഡറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ടെൻഡറുകളിൽ ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിലും, മറ്റേത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലെന്നും രേഖപ്പെടുത്തിയാണ് മിക്ക വർക്കുകളുടെയും ടെൻഡറുകൾ ലഭിച്ചിരുന്നത്. 0.2%-നു മേൽ കുറവായുള്ള ഒരു ടെൻഡർ പോലുമില്ല. എന്നാൽ ഇ-ടെൻഡർ ക്ഷണിച്ച മറ്റു 4 വർക്കുകൾക്കാകട്ടെ 1 ലക്ഷം രൂപക്കുമേൽ കുറവുള്ള ടെൻഡറുകൾ വരെ ലഭിച്ചിട്ടുണ്ട്. എല്ലാ വർക്കുകൾക്കും ഈ രീതിയിൽ ടെൻഡറുകൾ ലഭിച്ചിട്ടും ടെൻഡർ നടപടികൾ റദ്ദ് ചെയ്ത് ആവശ്യമായ പരസ്യം നൽകി വർക്കുകൾ ഇ-ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല. ഇത് പ്രസ്തുത വർക്കുകളുടെ നിർവ്വഹണത്തിൽ പഞ്ചായത്തിന് അധികചെലവിന്

ഇടയാക്കിയിട്ടുണ്ടെന്നതിനാൽ വിഷയത്തിൽ സമഗ്രമായ അന്വേഷണത്തിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-4 ടാർ വർക്കുകളുടെ കരാറുകാരിൽ നിന്നും ബാരൽ വില ഈടാക്കിയില്ല-31750/- രൂപയുടെ അധിക ചെലവ്

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ ടാർ വർക്കുകളുടെ എസ്റ്റിമേറ്റിൽ പായ്ക്ക് ചെയ്ത ബിറ്റുമിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം പായ്ക്ക് ചെയ്ത ടാറിന്റെ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കെ, വർക്കുകളുടെ ഫൈനൽ ബില്ലിൽ ബാരൽ വില കുറവ് ചെയ്യാതെ കരാറുകാർക്ക് തുക നൽകുക വഴി 31750/-രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിന്റെ പേരും പ്രോജക്ട് നമ്പരും | കരാറുകാരന്റെ പേര് | എഗ്രിമെൻറ് നം. | ഉപയോഗിച്ച ടാറിന്റെ അളവ് | ഈടാക്കേണ്ടിയിരുന്ന ബാരൽ വില + നികുതി(5%) | ട്രഷറിയിൽ നം./തീയതി |
|---|---|---|---|---|---|
| 1.കട്ടവിനാൽ മേലേ കിഴക്കേതിൽ റീ ടാറിംഗ് (85/17) | റ്റി.ജി.അശോകൻ | 22 5-1-7 | 2194.83 കി.ഗ്രാം (14 ബാരൽ) | 3500 | 19/29.03.17 |
| 2.പട്ടന്റയ്യത്ത് കോളനി റോഡ് റീ ടാറിംഗ് (80/17) | മുഹമ്മദ് ബഷീർ | 3/29-12-16 | 726.38 കി.ഗ്രാം (5 ബാരൽ) | 1250 | 11/20.03.17 |
| 3.പുത്തരിതെക്കേതിൽപടി മുഴങ്ങത്തിൽ പടി റോഡ് റീ ടാറിംഗ്(88/17) | പി.ഭദ്രൻ | 6/3-1-17 | 4061കി.ഗ്രാം (25 ബാരൽ) | 6250 | 12/20.03.17 |
| 4.ആലക്കോട് കൈരളി ഗ്രന്ഥശാല റോഡ് റീ ടാറിങ്(75/17) | സുജിത് കുമാർ | 9/4-1-17 | 895.17കി.ഗ്രാം (6 ബാരൽ) | 1500 | 5/25.02.17 |
| 5.ചൈതന്യപടി പുത്തൻപുര പടി റോഡ് റീ ടാറിങ്(76/17) | സുജിത് കുമാർ | 10/4-1-17 | 2479.24 കി.ഗ്രാം (16 ബാരൽ) | 4000 | 4/25.02.17 |
| 6.മുല്ലശ്ശേരിപടി-നെടിയാത്ത് പുത്തൻപുരയ്ക്കൽ കല്ലുവിളി പടി റോഡ് റീ ടാറിംങ്(71/17) | സിറാജ് | 4/3-7-17 | 4031.66കിഗ്രാം (25 ബാരൽ) | 6250 | 6/25.02.17 |
| 7.മൗട്ടത്ത്പടി-പുളിഞ്ചുവട് റോഡ് റീ ടാറിങ്(73/17) | സുജിത് കുമാർ | 8/4-1-17 | 1704.05കിഗ്രാം (11 ബാരൽ) | 2750 | 8/28.02.17 |
| 8.മുടിലേത്ത് പടി-ദേവസ്വം ബോർഡ് സ്കൂൾ റോഡ് റീ ടാറിങ്(87/17) | റ്റി.ജി.അശോകൻ | 20/5-1-17 | 936.49കിഗ്രാം (6 ബാരൽ) | 1500 | 20/31.03.17 |
| 9.ചെറുവല്ലൂർ ക്ഷേത്രം-നെട്ടുവക്കാട്ട് കോളനി റോഡ് റീ ടാറിങ്(81/17) | സിറാജ് | 5/3-1-17 | 3094.98കിഗ്രാം (19 ബാരൽ) | 4750 | 7/25.02.17 |
| | | | ആകെ | 31750/- | |

കരാറുകാരിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/27-7-17) ബാരൽ വില ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്ന താണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ബാരൽ വില ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും ഈ ഇനത്തിലുള്ള 5% വാറ്റ് വാണിജ്യ നികുതി വകുപ്പിൽ ഒടുക്കേണ്ടതുമാണ്.

## 3-5 എഗ്രിമെന്റ് വച്ച് വർക്ക് ഏറ്റെടുത്ത കരാറുകാർ നിർവ്വഹണ കാലയളവ് കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

2016-17 വർഷം അംഗീകാരം വാങ്ങിയ താഴെപ്പറയുന്ന മരാമത്ത് വേലകളുടെ നിർവ്വഹണം ടെൻഡർ ചെയ്ത് കരാറുകാരെ ഏൽപ്പിച്ചിരുന്നു. എന്നാൽ എഗ്രിമെൻറ് വെച്ച് വർക്ക് ഏറ്റെടുത്ത കരാറുകാർ നിർവ്വഹണ കാലയളവ് കഴിഞ്ഞിട്ടും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

| വർക്കിന്റെ പേരും പ്രോജക്ട് നമ്പരും | എസ്റ്റിമേറ്റ് | കരാറുകാരന്റെ പേര് | എഗ്രിമെൻറ്/തീയതി | നിർവ്വഹണ കാലയളവ് |
|---|---|---|---|---|
| 1.കൊല്ലകടവ് മാർക്കറ്റ് റോഡ് റീ ടാറിങ് (83/17) | 400000 | എം.സുബോദ് | 16/5-1-17 | 3 മാസം |
| 2.കരിക്കിൻ വിള കോളനി റോഡ് റീ ടാറിങ് (78/17) | 142500 | വി.ആർ ശശി | 14/5-1-17 | 3 മാസം |

| | | | | |
|---|---|---|---|---|
| 3.തയ്യിൽപടി-പുത്തൂർപടി റോഡ് സെക്കന്റ് മെറ്റലിംഗ് ആൻറ് ടാറിങ് (70/17) | 499000 | വി.ആർ ശശി | 15/5-1-17 | 3 മാസം |

നിർവ്വഹണ കാലാവധി കഴിഞ്ഞിട്ടും വർക്ക് ആരംഭിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/28.07.2017) നിർവ്വഹണ കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് കരാറുകാർ നൽകിയ അപേക്ഷയെ തുടർന്ന് പഞ്ചായത്ത് കമ്മിറ്റി അവർക്ക് 31.07.2017 വരെ കാലാവധി നീട്ടി നൽകിയിരുന്നുവെന്നും, എന്നാൽ നാളിതുവരെ വർക്കുകൾ ആരംഭിച്ചിട്ടില്ലായെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. എഗ്രിമെന്റ് വെച്ച് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിർവ്വഹണ കാലയളവ് നീട്ടി നൽകിയിട്ടും വർക്ക് ആരംഭിക്കാത്ത സാഹചര്യത്തിൽ ഇതിലേക്ക് സത്വര തുടർ നടപടി സ്വീകരിക്കുന്നതിന് ഭരണ വിഭാഗത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കരാറുകാർ പ്രവൃത്തികൾ നടത്താത്തപക്ഷം അവരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽ കൂട്ടുന്നതിനും അവരുടെ നഷ്ടോത്തരവാദിത്വത്തിൽ വർക്കുകൾ പുന:ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 പ്രോജക്ട് രൂപീകരണത്തിന്റെ പ്രാഥമികനടപടികൾ സ്വീകരിക്കാതെ പണം പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

| പ്രോജക്ട് നം./പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|
| S0141/17കുടുംബശ്രീ സംഘങ്ങൾക്ക് സ്വയംതൊഴിലിനുള്ള സബ്സിഡി | വികസനഫണ്ട് | 457000 | 457000 | 2/16-17 09.11.2016 |
| | തനത്ഫണ്ട് | 43000 | 0 | -- |
| | ആകെ | 5,00,000 | 4,57,000 | |

കുടുംബശ്രീ സംഘങ്ങൾക്ക് സ്വയംതൊഴിലിനുള്ള സബ്സിഡി എന്ന പ്രോജക്ട് പ്രകാരം 457000 രൂപ പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിൽ ചെറിയനാട്, കാത്തലിക് സിറിയൻ ബാങ്കിലെ 1834520 നംപർ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

പ്രോജക്ട് രൂപീകരിക്കുന്നതിന്റെ പ്രാഥമികനടപടികളൊന്നും പാലിക്കാതെയാണ്, ഈ പ്രോജക്ട് ആസൂത്രണം ചെയ്തത്. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്ന വർക്കിംഗ് ഗ്രൂപ്പിലാണ് ഈ പ്രോജക്ട് ഉൾപ്പെടുന്നത്. എന്നാൽ 2016-17 – ൽ, ഈ വർക്കിംഗ് ഗ്രൂപ്പിന്റെ രണ്ട് മീറ്റിംഗുകൾ നടന്നതിലും (04.07.2016-ലും 09.03.2017-ലും) ഈ പ്രോജക്ട് സംബന്ധിച്ച ചർച്ച നടന്നിട്ടില്ല. ചർച്ച ചെയ്യാതെ, വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തി പ്രോജക്ടിന് അംഗീകാരം നേടുകയാണുണ്ടായത്. തയ്യാറാക്കിയ പ്രോജക്ടിലാകട്ടെ കുടുംബശ്രീ ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തി ഏതെല്ലാം ഗ്രൂപ്പുകൾക്ക് സബ്സിഡി നല്കണമെന്ന് നിശ്ചയിക്കുകയോ ഏത് രീതിയിൽ പ്രോജക്ട് നടപ്പാക്കണമെന്ന് തീരുമാനിക്കുകയോ ചെയ്തിരുന്നില്ല.

മുൻകൂറായി പണം പിൻവലിക്കാൻ അനുവാദമില്ലാത്ത പ്രോജക്ടാണിത്. ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം പണം പിൻവലിക്കണമെന്നിരിക്കെ രേഖകൾ ഒന്നും തന്നെയില്ലാതെയാണ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും 457000/-രൂപ പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടത്. മാറ്റിയിട്ട തുകയാകട്ടെ 31.07.2017-ലും ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പിൻവലിക്കുന്ന തുക 30 ദിവസത്തിനകം ചെലവഴിക്കാത്തപക്ഷം തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. പ്രോജക്ട് നടപ്പാക്കുന്നതിനുള്ള നടപടികളൊന്നും പാലിക്കാതെ തെറ്റായ രീതിയിൽ പണം പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിയമാനുസൃതമല്ലാത്ത ഈ ചെലവ് അംഗീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നം. 17 തീയതി: 28.07.2017 നല്കിയ മറുപടിയിൽ തുക തിരികെ അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് കുടുംബശ്രീ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്ന അസിസ്റ്റന്റ് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ഈ തുക എത്രയും വേഗം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-7 ട്രഷറിയിൽ ബിൽ പാസാക്കിയെങ്കിലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് പണം നല്കാത്തതിനാൽ മരുന്ന് ലഭിച്ചില്ല

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി (മെഡിക്കൽ ഓഫീസർ (അലോപ്പതി)10.01.2017 - ൽ ട്രഷറിയിൽ ഹാജരാക്കിയതും 30.01.2017-ൽ ട്രഷറിയിൽ നിന്നും മാറിയതുമായ 2,00,000/- രൂപ കാരുണ്യ മെഡിക്കൽ ഫാർമസിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല. തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിൽ ട്രഷറി അധികൃതർക്ക് ഉണ്ടായ വീഴ്ച കാരണം 2016-17-ൽ പഞ്ചായത്തിന് ഗവൺമെന്റിന്റെ ബഡ്ജറ്റ് അലോട്ട്മെന്റ് പ്രകാരം അനുവദിച്ച തുക നഷ്ടപ്പെടുകയുണ്ടായി. നിർവ്വഹണോദ്യോഗസ്ഥൻ യഥാസമയം ട്രഷറിയിൽ ബിൽ സമർപ്പിച്ചെങ്കിലും കാരുണ്യയുടെ അക്കൗണ്ടിലേക്ക് തുക മാറി നല്കാഞ്ഞതിനാൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് വേണ്ടി മരുന്ന് വാങ്ങുവാൻ സാധിച്ചതുമില്ല.

ട്രഷറിയിൽ പാസാക്കുന്ന ബില്ലുകൾ മുഖേന ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് യഥാസമയം പണം മാറ്റുന്നതിൽ വീഴ്ചയുണ്ടായ

സാഹചര്യത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക മാറിയിട്ടുണ്ടോയെന്ന് ഉറപ്പാക്കുന്നതിനായി ട്രഷറി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോടുകൂടിയ സ്റ്റേറ്റ്മെന്റ്/ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് വാങ്ങി ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.1തീയതി:24.07.2017) നല്കിയതിനെത്തുടർന്ന് ട്രഷറിയിൽ നിന്നുള്ള ഒരു സ്റ്റേറ്റ്മെന്റ് ഹാജരാക്കുക യുണ്ടായി. എന്നാൽ 01/2017ലെ സ്റ്റേറ്റ്മെന്റ്/31.03.2017 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കാഞ്ഞതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ഈ തുക മാറിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായില്ല. ഈ വിഷയം ട്രഷറി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

ധനകാര്യവകുപ്പിന്റെ finance.lsg.kerala.gov.in എന്ന സൈറ്റിൽ വിവിധഫണ്ടുകളുടെ 2016-17ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി 30.06.2017 – ന് ട്രഷറി ഓഫീസർക്ക് അയച്ചുകൊടുത്ത് അംഗീകാരം വാങ്ങുന്നതിന് സർക്കാർ നല്കിയ നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.

## 3-8 വിതരണം ചെയ്യാത്ത പച്ചക്കറിത്തൈകളുടെ വിലയിനത്തിൽ 25630/- രൂപയുടെ അധികചെലവ്

| പ്രോജക്ട് നം./പേര് | ഫണ്ടിനം | ചെലവ് | ബിൽ നം., ഡി.ഡി.നം./തീയതി | നിർവ്വഹണം |
|---|---|---|---|---|
| S0133/17 | വികസനഫണ്ട് (പൊതുവിഭാഗം)<br>ഗുണഭോക്തൃവിഹിതം | 145625<br>52425 | 6/16-17/ 25.10.2017<br>619571/19.04.2017 | കൃഷി ഓഫീസർ |
| | ആകെ | 198050 | | |

ഈ പ്രോജക്ട് പ്രകാരം 50% സബ്സിഡി നിരക്കിൽ ഗ്രോബാഗ്, 75% നിരക്കിൽ ജൈവവളം, 100% നിരക്കിൽ പച്ചക്കറിത്തൈ എന്നിവ 125 ഗുണഭോക്താക്കൾക്ക് (233 യൂണിറ്റ് – 2330 ഗ്രോ ബാഗ്) വാങ്ങി നല്കിയിട്ടുണ്ട്. 2330 ഗ്രോബാഗ്, 233 യൂണിറ്റ് ജൈവവളം എന്നിവയുടെ വിലയായി 163100/- രൂപ (ഗുണഭോക്തൃവിഹിതം: 52425, പദ്ധതി വിഹിതം :145625 ) കെയ്കോ, തിരുവല്ല എന്ന സ്ഥാപനത്തിനും വിവിധ പച്ചക്കറികളുടേതായി 17475 പച്ചക്കറിത്തൈകൾ വാങ്ങിയതിന് 34950/- രൂപ അഗ്രോ സർവ്വീസ് സെന്റർ, പുലിയൂർ എന്ന സ്ഥാപനത്തിനും നല്കിയിട്ടുണ്ട്. ഗ്രോബാഗ് ഒന്നിന് 2 തൈ എന്ന നിരക്കിൽ 2330 എണ്ണത്തിന് 4660 പച്ചക്കറിത്തൈയാണ് ആവശ്യമായിട്ടുള്ളത് എന്നിരിക്കെ 17475 തൈകൾ വാങ്ങിയതിന്റെ സാഹചര്യം വിശദമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം: 4 തീയതി: 26.07.2017 നല്കിയിരുന്നു. ഇതിന് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ഗ്രോബാഗിനായി 4660 പച്ചക്കറിത്തൈ മാത്രമാണ് വിതരണം ചെയ്തതെന്നും ഇതിന്റെ വിലയായ 9320/- രൂപ കഴിച്ചുള്ള 25630/-രൂപ അഗ്രോ സർവ്വീസിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതാണെന്നും വ്യക്തമാക്കി. ഗ്രോബാഗ്, വളം, തൈ എന്നിവയുടെ വിതരണരേഖകൾ പരിശോധിച്ചതിലും പച്ചക്കറിതൈകൾ വിതരണം ചെയ്തതിന്റെ രേഖകളില്ല. ഈ സാഹചര്യത്തിൽ വിതരണം ചെയ്യാത്ത പച്ചക്കറിത്തൈകൾക്കായി ചെലവഴിച്ച 25630/- രൂപ നിർവ്വഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി കണക്കാക്കുന്നു.

## 3-9 കുറഞ്ഞ വിലയുടെ ടെൻഡർ നിരസിച്ച ശേഷം കൂടിയ തുകയ്ക്ക് കമ്പ്യൂട്ടർ വാങ്ങി

അടങ്കൽ.50000/-(ധനകാര്യ കമ്മീഷൻ അവാർഡ് )

ചെലവ് .46400/-

ബിൽ നം. 41/2016-17/30.03.17

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ എന്ന പദ്ധതിയ്ക്കായി 30.11.2016 - ൽ നടത്തിയ ടെൻഡറിൽ ഹൈപ്പർ ടെക്ക് സിസ്റ്റംസ്, അഡ്കോം സിസ്റ്റംസ് എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു. ഇവർ പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഡസ്ക്ക് ടോപ്പ് കമ്പ്യൂട്ടറിന് യഥാക്രമം 28980/- രൂപയും, 28950/- രൂപയുമുള്ള ടെൻഡർ സമർപ്പിച്ചു. എന്നാൽ ഈ ടെൻഡറുകൾ മതിയായ കാരണം രേഖപ്പെടുത്താതെ നിരസിച്ച ശേഷം 25-02-17 - ൽ വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചു.

25.02.17 ലെ ക്വട്ടേഷനിൽ പങ്കെടുത്ത ക്ലിക്ക് ഓൺ അസോസിയേറ്റ്സ് അടൂർ, രാജീവ് ഗാന്ധി ലേബർ & അദർ മൾട്ടി പർപ്പസ് കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, അടൂർ എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷൻ പരിഗണിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ III (1)/03.03.2017 തീരുമാന പ്രകാരം ക്ലിക്ക് ഓൺ അസോസിയേറ്റ്സിന്റെ 38500/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് സപ്ലൈ ഓർഡർ നല്കുകയും ചെയ്തു. പദ്ധതി നിർവ്വഹണ കാലയളവിൽ കമ്മിറ്റി മിനിട്ട്സ് എഴുതാത്ത സാഹചര്യത്തിൽ കമ്മിറ്റി തീരുമാനത്തിന്റെ നിജസ്ഥിതി വിലയിരുത്തുവാൻ സാധിച്ചിട്ടില്ല.

മേൽവിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 9/28.07.2017-ന് ലഭ്യമാക്കിയ മറുപടിയിൽ ആദ്യം ടെൻഡർ ഹാജരാക്കിയ സ്ഥാപനങ്ങൾ അസംബിൾ ചെയ്ത കമ്പ്യൂട്ടർ ആണ് ലഭ്യമാക്കുന്നതെന്ന കാരണത്താലാണ് ടെൻഡർ നിരസിച്ചതെന്ന് അറിയിച്ചു. എന്നാൽ ഈ വിവരം ഫയലിൽ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. പർച്ചേസ് കമ്മിറ്റിയുടെ മിനിട്സിലും ടെൻഡർ നിരസിക്കുവാനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല.

ഏറെ വിൽക്കപ്പെടുന്ന ബ്രാന്റായ ഏസർ ഡെസ്ക്ക്ടോപ്പിനുള്ള ടെൻഡറാണ് ആദ്യ രണ്ടു സ്ഥാപനങ്ങളും സമർപ്പിച്ചത്. തുടർന്ന് നടന്ന ക്വട്ടേഷനിൽ പങ്കെടുത്ത രാജീവ് ഗാന്ധി ലേബർ & അദർ മൾട്ടി പർപ്പസ് കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, അടൂർ എന്ന സ്ഥാപനം അംഗീകൃത സ്ഥാപനമെന്ന് ഉറപ്പിക്കാവുന്ന യാതൊരു രേഖയും ക്വട്ടേഷനൊപ്പം സമർപ്പിക്കാതെ ലെറ്റർ ഹെഡിൽ ക്വാട്ട് ചെയ്യുന്ന തുക എഴുതുകയാണ് ചെയ്തിട്ടുള്ളത്. ക്വട്ടേഷനിലെ രണ്ടാം സ്ഥാപനമായ ക്ലിക്ക് ഓൺ അസോസിയേറ്റ്സിന്റെ ക്വട്ടേഷൻ പ്രകാരം സ്പെസിഫിക്കേഷനിൽ വ്യത്യാസമില്ലാത്ത ഏസർ ഡെസ്ക്ക്ടോപ്പ് തന്നെയാണ് വാങ്ങിയിട്ടുമുള്ളത്.

കുറഞ്ഞ തുകയ്ക്കുള്ള ആദ്യ ടെൻഡർ അംഗീകരിക്കാതെ റീടെൻഡർ ചെയ്ത് അതേ സ്പെസിഫിക്കേഷൻ ഉള്ള കമ്പ്യൂട്ടർ കൂടിയ തുകയ്ക്ക് വാങ്ങിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ അധികം നല്കിയ 9550/-രൂപ (38500-28950) പദ്ധതി രൂപീകണത്തിന് ചുമതലപ്പെട്ട പ്ലാൻ സെക്ഷൻ ക്ലർക്ക്, നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി എന്നിവരുടെ തുല്യ ബാദ്ധ്യതയായി നിർണ്ണയിക്കുന്നു.

പ്ലാൻ സെക്ഷൻ ക്ലർക്ക് : ശ്രീ.സജികുമാർ, സീനിയർ ക്ലർക്ക്

നിർവ്വഹണ ഉദ്യോഗസ്ഥൻ: ശ്രീ.ബിജുകുമാർ. ആർ, സെക്രട്ടറി

## 3-10 സങ്കേതം ഭവനനിർമ്മാണപദ്ധതി - സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ നടപ്പാക്കി

| പ്രോജക്ട് നമ്പർ/പേര് | ഫണ്ടിനം | ചെലവ് | ബിൽ നം./ തീയതി | നിർവ്വഹണം |
|---|---|---|---|---|
| S0167/17<br>ഭവനനിർമ്മാണപദ്ധതി (എസ്.സി.പി) | വികസനഫണ്ട് (എസ്.സി.പി) | 13042 | 3/16-17/<br>13.02.17 | അസിസ്റ്റന്റ് സെക്രട്ടറി |
| | | 69858 | 9/16-17/<br>30.03.17 | |
| | ആകെ | 2,00,000 | | |

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ സങ്കേതം ഭവനനിർമ്മാണപദ്ധതി പ്രകാരം 2015-16-ൽ 5 പേർക്ക് 25000/- രൂപ വീതം ആനുകൂല്യം നല്കിയിരുന്നു. ഇതിൽ ഉൾപ്പെട്ട ഗിരീഷ്കുമാർ, വല്യത്ത് തെക്കതിൽ ഗീതുഭവനം, ചെറിയനാട് എന്നയാൾക്ക് 2016-17-ൽ 2,00,000/-രൂപ കൂടി (1,30,142+69,858=2,00,000) നല്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഗുണഭോക്താവിന്റെ പേരിൽ മുദ്രപ്പത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്നതല്ലാതെ കരാറിൽ ഏർപ്പെട്ടിട്ടില്ല. 12 വർഷക്കാലത്തേക്ക് കൈമാറ്റം ചെയ്യുന്നതല്ല എന്നതിന് കരാർ ചമച്ച് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഭാര്യയുടെ പേരിൽ ആനുകൂല്യം അനുവദിക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല. സ്റ്റേജ് സർട്ടിഫിക്കറ്റ് പരിശോധിക്കാതെ, അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നല്കുകയാണുണ്ടായത്. പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ സബ്സിഡി നല്കിയത് തെറ്റായ നടപടിയാണ്. സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം ആനുകൂല്യം തിരികെ ഈടാക്കേണ്ടതാണ്

നിലവിൽ ഭവനപദ്ധതികൾ ഏറ്റെടുക്കുവാൻ അനുവാദമില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി ഐ.എ.വൈ., പി.എം.എ.വൈ. പ്രകാരം ഭവനപദ്ധതികൾ നടപ്പാക്കേണ്ടതും പൊതുവിഭാഗത്തിൽപ്പെട്ടവരുണ്ടെങ്കിൽ സർക്കാരിന്റെ അനുവാദ ത്തോടുകൂടി മാത്രം പ്രോജക്ട് നടപ്പാക്കേണ്ടതുമാണ്. (11.01.2016 – ലെ 4/2016 നംപർ 12-ാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ). ഈ സാഹചര്യത്തിൽ 15-16 – ൽ ആദ്യഗഡു 25000/-രൂപ വീതം കൈപ്പറ്റിയതും പിന്നീട് ആനുകൂല്യം കൈപ്പറ്റാത്തതുമായ 4 ഗുണഭോക്താക്കളുടെ വീട്ടുപണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം ഇവർക്ക് നല്കിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 ആരോഗ്യമേഖല – മരുന്നു ലഭിക്കുന്നതിൽ കാലതാമസം ; നടപടി അനിവാര്യം

I.

| പ്രോജക്ട് നം., പേര് | നിർവ്വഹണം | ഫണ്ടിനം | ബിൽ നമ്പർ/ തീയതി. | ചെലവ് |
|---|---|---|---|---|
| S0050//17ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | നോൺ റോഡ് | 1/2016-17 24.12.2016 | 80,000 രൂപ |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 80000/-രൂപ (ഡി.ഡി.നം 604396/09.01.2017) ഹോംകോയ്ക്ക് നൽകിയതിൽ 39960/- രൂപയുടെ മരുന്നു മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 40040/- രൂപ മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ ഈ തുക തടസ്സപ്പെടുത്തുന്നു.

II.

| പ്രോജക്ട് നം., പേര് | നിർവ്വഹണം | ഫണ്ടിനം | ബിൽ നമ്പർ/തീയതി | ചെലവ് |
|---|---|---|---|---|
| S0077/17 സ്കൂൾ ഹെൽത്ത് പ്രോഗ്രാം എൽ.പി.സ്കൂൾ കുട്ടികൾക്ക് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | നോൺ റോഡ് | 2/2016-17 25.02.2017 | 1,50,000 രൂപ |

മരുന്നു വാങ്ങുന്നതിനായി ഔഷധിയ്ക്ക് നല്കിയ 1,50,000 രൂപയിൽ 85956 രൂപയുടെ മരുന്നു മാത്രമേ ലഭിച്ചിട്ടുള്ളൂ. ശേഷിച്ച 64044 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ ഈ തുക തടസ്സപ്പെടുത്തുന്നു.

സമൂഹത്തിൽ ഏറെ അവശതയനുഭവിക്കുന്ന രോഗികൾക്കാവശ്യമായ മരുന്ന് യഥാസമയം ലഭിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുന്നതിലേക്ക് വിഷയം ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും ശ്രദ്ധയിൽ പ്പെടുത്തുന്നു.

## 3-12 തെരുവിളക്ക് മീറ്ററിംഗ് - പദ്ധതി പൂർത്തിയായില്ല ; തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 175/17

അടങ്കൽ . 1,10,000/-(ധനകാര്യ കമ്മീഷൻ അവാർഡ് )

ചെലവ്. 1,10,000/-

ബിൽ നം. 33/2016-17/30.03.17

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ തെരുവു വിളക്ക് മീറ്ററിംഗ് എന്ന പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി കൊല്ലകടവ് അസിസ്റ്റന്റ് എഞ്ചിനീയറുടെ 30.03.07- ലെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ 1,10,000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിട്ടുണ്ട്. 2014-15 ലെ ഇതേ പദ്ധതിയുടെ തുടർച്ചയായാണ് തുക നല്കുന്നതെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ പ്രവൃത്തി ആരംഭിച്ചതായുള്ള രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി സംബന്ധിച്ച വിശദ പരിശോധനയ്ക്കായി 2014-15 ലെ പ്രോജക്റ്റിന്റെ ഫയൽ, എസ്റ്റിമേറ്റ്, കെ.എസ്.ഇ.ബി യുമായുള്ള കരാർ, പുതുക്കിയ എസ്റ്റിമേറ്റ് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.18/29.07.2017-ന് മറുപടി നല്കിയെങ്കിലും ആവശ്യപ്പെട്ട ഫയൽ ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1,10,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 പങ്കാളിത്ത പെൻഷൻ ഒടുക്കുവരുത്തിയിട്ടില്ല

2016-17 വാർഷിക കണക്കുകളിലെ ബി-9 ഷെഡ്യൂൾ പ്രകാരം ജീവനക്കാരുടെ ശമ്പള റിക്കവറിയിനത്തിൽ 58,629/- രൂപ നീക്കിയിരിപ്പുണ്ട്. പഞ്ചായത്തിലെ ജീവനക്കാരായ വിദ്യശ്രീ – ക്ലർക്ക്, രതീഷ് കുമാർ - ഓഫീസ് അറ്റന്റന്റ് എന്നിവരുടെ പങ്കാളിത്ത പെൻഷൻ ഇനത്തിൽ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകയാണിത്.

തുക ഒടുക്കുവരുത്താത്തതിന് കാരണം വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 19/29.07.2017-ന് ഉള്ള മറുപടിയിൽ മേൽ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഒടുക്കുവരുത്തുവാനുള്ള പ്രാൺ നമ്പർ ലഭിക്കാതിരുന്നതിനാലാണ് തുക കുടിശ്ശികയായതെന്നും നമ്പർ ലഭിച്ചതിനു ശേഷം പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നുള്ള സാങ്കേതിക തടസ്സം കാരണമാണ് തുക ജീവനക്കാരുടെ അക്കൗണ്ടിൽ ഒടുക്കുവാൻ സാധിക്കാതിരുന്നതെന്നും അറിയിച്ചു. എന്നാൽ എന്താണ് സാങ്കേതിക തടസ്സം എന്നുള്ളത് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

പങ്കാളിത്ത പെൻഷൻ സംബന്ധിച്ച ജി.ഒ(പി)നം.622/2013 ഫിൻ/19.12.2013-ലെ ഉത്തരവിനു വിധേയമായി ജീവന ക്കാരുടെ

ശമ്പളത്തിൽ നിന്നും കുറവു ചെയ്ത് പെൻഷൻ വിഹിതം അവരുടെ അക്കൗണ്ടിൽ ഒടുക്ക വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം

കെട്ടിടം

ചെറിയനാട് ഗ്രാമ പഞ്ചായത്തിൽ 23 അങ്കണവാടികൾ ഉള്ളതിൽ 9 എണ്ണം സ്വന്തം കെട്ടിടത്തിലും 9 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ശേഷിയ്ക്കുന്ന 5 അങ്കണവാടികൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങൾ, സ്കൂൾ, പി.എച്ച്.സിയോടനുബന്ധിച്ച കെട്ടിടം എന്നിവിടങ്ങളിൽ വാടകരഹിതമായി പ്രവർത്തിക്കുന്നു. 59-ാം നമ്പർ അങ്കണവാടിയ്ക്ക് 06.05.2015 – ൽ പഞ്ചായത്ത് മുഖേന സ്ഥലം വാങ്ങിയെങ്കിലും കെട്ടിടം പണി ആരംഭിച്ചിട്ടില്ല. 38-ാം നമ്പർ അങ്കണവാടിയ്ക്ക് സാമൂഹ്യ നീതി വകുപ്പും പഞ്ചായത്തുമായി ചേർന്ന് 60:40 അനുപാതത്തിൽ ചെറുവല്ലൂർ സ്കൂളിനോടനുബന്ധിച്ച് കെട്ടിടം പണിയ്ക്ക് 2016-17 – ൽ പദ്ധതി രൂപീകരിച്ചുവെങ്കിലും സാമൂഹ്യ നീതി വകുപ്പിന്റെ ഫണ്ട് ഇതുവരേയും ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ 40% ഫണ്ട് ഉപയോഗിച്ച് കെട്ടിടത്തിന്റെ വാർപ്പു വരെ പൂർത്തീകരിച്ചിട്ടുണ്ട്.

കുടിവെള്ള സൗകര്യം

സ്വന്തം കെട്ടിടമുള്ള 40-ാം നമ്പർ അങ്കണവാടി ഒഴികെ മറ്റെല്ലായിടത്തും കുടിവെള്ള സൗകര്യം ഉണ്ട്. 2016-17 – ൽ ഇതിനായി പദ്ധതി രൂപീകരിച്ചുവെങ്കിലും നടപ്പായില്ല.

വൈദ്യുതി

വാടകയ്ക്ക് പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ ഉൾപ്പടെ എല്ലാ അങ്കണവാടികളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്.

ടോയ് ലെറ്റ് സൗകര്യം

23 അങ്കണവാടികളിലും ടോയ് ലെറ്റ് സൗകര്യം ലഭ്യമാണ്.

ഗ്യാസ് കണക്ഷൻ

18 അങ്കണവാടികളിൽ ഗ്യാസ് കണക്ഷൻ ലഭ്യമാണ്. ബാക്കി 5 അങ്കണവാടികളിലേക്ക് കണക്ഷൻ ലഭിക്കുവാൻ 2017-18-ൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ

കുട്ടികൾക്കിരിക്കുവാൻ ആവശ്യമായ കസേര, ബഞ്ച് എന്നിവ പഞ്ചായത്തിൽ നിന്നും അനുവദിച്ചു നല്കിയിട്ടുണ്ട്. എന്നാൽ കുട്ടികളുടെ എണ്ണം കൂടുതലുള്ള അങ്കണവാടികളിൽ കസേരയുടെ അപര്യാപ്തതയുണ്ട്. 2017-18-ൽ കുട്ടികൾക്കുള്ള ബഞ്ച് വാങ്ങുവാൻ പ്രോജക്ട് വച്ചിട്ടുണ്ട്. രജിസ്റ്ററുകളും മറ്റു രേഖകളും സൂക്ഷിക്കുവാനാവശ്യമായ അലമാരകൾ ഏതാനും അങ്കണവാടികളിൽ മാത്രമേ നിലവിൽ ലഭിച്ചിട്ടുള്ളൂ.

ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്

അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ആരോഗ്യ വകുപ്പിൽ നിന്നും അവർ ജോലി ചെയ്യുവാൻ പ്രാപ്തരാണെന്നുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കാറുണ്ട്. എന്നാൽ അങ്കണവാടി കെട്ടിടം സുരക്ഷിതമാണോ എന്നതിനുള്ള പരിശോധന നടത്തുകയോ കെട്ടിടത്തിന്റെ ഉറപ്പ് തെളിയിക്കുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗത്തിൽ നിന്നും വാങ്ങി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

ചെറിയനാട് ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഏതാനും സെന്ററുകളിൽ നിലനിൽക്കുന്നു. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്തതും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതുമായ അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ (എം.എസ്) 29/2012 ത.സ്വ.ഭ.വ/03.09.2010 ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികൾ നിലനിൽക്കുന്ന വാർഡിന്റെ ജനപ്രതിനിധി അങ്കണവാടി സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതായി കാണുന്നില്ല.

അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം സംബന്ധിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 പ്രകാരം എല്ലാ വർഷവും മെയ് 10-ന് മുൻപ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് മെയ് 30-ന് മുൻപ് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. ഉത്തരവിലെ നിർദ്ദശം പാലിക്കേണ്ടതാണ്. മേൽ വിഷയങ്ങൾ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 പ്രായ പരിധി കഴിഞ്ഞ ആളിന് തൊഴിൽ രഹിത വേതനം നൽകി

തൊഴിൽരഹിത വേതന ചട്ട പ്രകാരം 35 വയസ്സ് പൂർത്തിയാക്കിയവർക്ക് തൊഴിൽരഹിത വേതനത്തിന് അർഹതയില്ല. റോൾ നമ്പർ 817 അമ്പിളി.റ്റി.ജി, വല്ല്യവീട്ടിൽ കിഴക്കേതിൽ, കൊല്ലകടവ് എന്നയാൾ 08/06/2016-ൽ 35 വയസ്സ്

പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇതു പ്രകാരം 06/2016 വരെ മാത്രമേ ടിയാൾക്ക് തൊഴിൽ രഹിത വേതനത്തിന് അർഹതയുള്ളൂ. എന്നാൽ 07/2016 മുതൽ 12/2016 വരെയുള്ള 6 മാസത്തെ വേതനം ക്രമപ്രകാരമല്ലാതെ നൽകിയതുവഴി 720/-രൂപയുടെ (120X6) അധികചെലവുണ്ടായി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23) തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതിരുന്നതിനാലാണ് ഇത്തരത്തിൽ അധിക വേതനം നൽകാനിടയായത്. രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും നഷ്ടമായ തുക തിരികെ ഈടാക്കാത്ത പക്ഷം സെക്ഷൻ ക്ലർക്കിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-16 മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി -വേതന കുടിശ്ശിക 58.27 ലക്ഷം

തൊഴിലുറപ്പ് പദ്ധതികളുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ 250 വർക്കുകൾക്ക് തൻ വർഷം അനുമതി ലഭിച്ചുവെങ്കിലും 215 പ്രവൃത്തികൾ മാത്രമാണ് പഞ്ചായത്തിൽ നടപ്പാക്കിയത്. നടപ്പാക്കിയ പ്രവൃത്തികൾക്കായി ആകെ 151.47 ലക്ഷം രൂപ 2016-17 വർഷം ചെലവഴിച്ചിട്ടുണ്ട് (അഡ്മിനിസ്ട്രേറ്റീവ് ചെലവുൾപ്പെടെ). ലഭ്യമാക്കിയ രേഖകൾ പ്രകാരം 31-03-17 വരെ വേതന കുടിശ്ശിക ഇനത്തിൽ തൊഴിലാളികൾക്ക് നൽകുവാനുള്ളത് 5827440/-രൂപയാണ്. തൻ വർഷം രജിസ്റ്റർ ചെയ്ത 76 പേരുൾപ്പെടെ 2876 കുടുംബങ്ങൾ തൊഴിലിനായി രജിസ്റ്റർ ചെയ്തുവെങ്കിലും 17 പേർക്ക് മാത്രമേ 100 തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. വേതന കുടിശ്ശിക ഇനത്തിൽ തൊഴിലാളികൾക്ക് ലഭ്യമാകുവാനുള്ള തുക ലഭ്യമാക്കുന്നതിനും തൊഴിലിനായി രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും 100 തൊഴിൽ ദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 73,65,964 |
| വരവ് | 3,81,19,196 |
| ആകെ | 4,,54,85,160 |
| ചെലവ് | 3,39,53,449 |
| നീക്കിയിരിപ്പ് | 1,15,31,711 |

നീക്കിയിരിപ്പ് തുക പാസ് ബുക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.
റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ മറ്റ് ന്യൂനതകൾ താഴെപ്പറയുന്നു.

1. വസ്തുനികുതി, തൊഴിൽനികുതി, ഡി & ഒ, വാടക എന്നിവയുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരവിന്റെയും കുടിശ്ശികയുടെയും കൃത്യത ഉറപ്പാക്കാനായില്ല.
2. സി.എഫ്.സി.ഗ്രാന്റിന്റെ 2016-17-ലെ യഥാർത്ഥചെലവ് 3027870/- രൂപയാണ് (2016-17-ൽ ചെലവാണ് വരവായി രേഖപ്പെടുത്തിയത്). എന്നാൽ ഇതിനെക്കാൾ 13000/- രൂപ കുറവായി 3014870/- രൂപ മാത്രമാണ് വാർഷികക്കണക്കിൽ RP-31ൽ കാണിച്ചിരിക്കുന്നത്.
3. മെഡിക്കൽ ഓഫീസ്ര അലോപ്പതി 10.01.2017 – ൽ ട്രഷറിയിൽ ഹാജരാക്കിയതും 30.01.2017-ൽ മാറിയതായി ബിൽ ബുക്കിൽ പാസാക്കിയതുമായ 2,00,000/- രൂപ ചെലവായിട്ടില്ല എന്ന വിവരം ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ തുക വരവിലും ഉൾപ്പെടുത്താനാവില്ല. എന്നാൽ ഈ 2 ലക്ഷം രൂപ കൂടി RP31 ലും ചെലവിലും ഉൾപ്പെടുത്തിയിരിക്കുന്നു.
4. ജോയന്റ് വെഞ്ചർ പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി ചെങ്ങന്നൂർ സബ് ട്രഷറിയിൽ ഒരു ടി.എസ്.ബി അക്കൗണ്ട് (നം.799011400001518) ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിന് വേണ്ടിയുള്ള ബാങ്ക് ബുക്ക് 2016-17-ൽ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അക്കൗണ്ട് പ്രകാരം വന്ന വരവ് ചെലവ് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് ബാങ്ക് ബുക്കിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാനായില്ല.

II.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ സംക്ഷിപ്തം താഴെപ്പറയുന്നു.

| | |
|---|---|
| ആദായം | 8,53,29,280 |
| (-) ചെലവ് | 8,94,01,019 |

| | |
|---|---|
| ഡെഫിസിറ്റ് | 40,71,739 |
| (-)പ്രയർ പീരീഡ് ഐറ്റം | 14,68,631 |
| പ്രയർ പീരീഡ് ഐറ്റം - ന് ശേഷം ഡെഫിസിറ്റ് | 26,03,108 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ തൻവർഷത്തെ ആകെ ചെലവ് 1,49,25,976/- രൂപയാണ്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ MIS റിപ്പോർട്ട് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 1,51,47,000രൂപയാണ്.
2. വിധവാ പെൻഷൻ 78,15,925/- രൂപ, അൻപത് വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ 22,38,995/- രൂപ എന്നിങ്ങനെയാണ് I-6 സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരം ഇവ യഥാക്രമം 97,35,130 രൂപ , 4,05,,850 രൂപ എന്നിങ്ങനെയാണ്.
3. വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം നൽകുന്നതിനായി ചെലവഴിച്ച ബി-ഫണ്ട് 4,00,000/-രൂപ I-6 ഷെഡ്യൂളിൽ ഉൾപ്പെട്ടില്ല.

III.ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 – ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 2,96,19,559 |
| (-)റിസർവ്വം earmarked fund ഉം ഉൾപ്പെടെ ആകെ ബാധ്യത | 2,89,58,602 |
| പഞ്ചായത്ത് ഫണ്ട് | 6,60,957 |

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. 2016-17 ൽ കൃഷി ഓഫീസിലേക്ക് 46,400/- രൂപയ്ക്ക് കംപ്യൂട്ടർ വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിലേക്ക് 303747/- രൂപയ്ക്ക് ഫർണിഷിംഗ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷന്റെ ഹെഡിൽ (B-3) ഉൾപ്പെടുത്തിയില്ല.
2. കുടിവെള്ളവിതരണത്തിനായി തഹസിൽദാർ നല്കിയ13,260/- രൂപ 17.02.2017 – ൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും B-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി കാണിച്ചിരിക്കുന്നു.
3. സംയുക്ത പ്രോജക്ടിനായി ലഭിച്ച 2,00,000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ബി-4 – ൽ ബാദ്ധ്യതയായി കാണിച്ചിരിക്കുന്നു.
4. ബെനിഫിഷറി കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ 1,95,375/- രൂപ ബാദ്ധ്യതയുണ്ട്. ഇത് 2016-17 ലെ വരവാണ്. ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബാദ്ധ്യതയായി കാണിച്ചിരിക്കുന്നതിന്റെ കാരണം വിശദീകരിക്കാനായില്ല.
5. മീറ്റർ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചതും പണി പൂർത്തീകരിക്കാത്തതുമായ 1,10,000/- രൂപ ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. B-9 ഷെഡ്യൂളിൽ ജീവനക്കാരുടെ 03/17 – ലെ ശമ്പളം 3,19,343/- രൂപയാണ്. എന്നാൽ 04/2017 – ൽ 30,318/- രൂപ കൂടുതലായി ചെലവഴിച്ചിട്ടുണ്ട്.
7. പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും മൂല്യം നിർണ്ണയിച്ച് ആസ്തിരജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല. ആസ്തിവിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)-152/11/ത.സ്വ.ഭ.വ തീയതി.26.07.11) നടപ്പാക്കിയിട്ടില്ല.
8. ബി-7 ഷെഡ്യൂളിൽ 2015-16-ലെ ബാദ്ധ്യത 986092/- രൂപയായിരുന്നു. 2016-17 ലെ വരവ് (253680/- രൂപ) ചെലവ് (197875/- രൂപ) അനുസരിച്ച് 31.03.17 – ലെ ബാദ്ധ്യത 1041897/- രൂപ ആയിരിക്കേണ്ടതാണ്. എന്നാൽ വാർഷിക കണക്കിൽ ബി-7 ഷെഡ്യൂളിൽ 31.03.17 – ൽ 906800/- രൂപ മാത്രമാണ്. വ്യത്യാസം വിശദീകരിച്ചില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാലിന് സബ്സിഡി | 200000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് താഴെപ്പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പദ്ധതി | ബിൽ/ഡി.ഡി. നമ്പർ | നൽകിയ തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവു വിളക്ക് മീറ്ററിംഗ് | ബിൽനം. 33/2016-17/ 30.03.17 | 1,10,000/- | ഇല്ല | 1,10,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവോ ചെലവോ ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,81,19,196 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,39,53,449 |
| വരവിനങ്ങളിലുള്ള നഷ്ടം | 25254 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 88396 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 497085 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(i) | 621/- | | ശാന്തി കുമാരി ,സീനിയർ ക്ലർക്ക് ബിജുകുമാർ.ആർ, സെക്രട്ടറി |
| 2-4 | 2183 | | ജോസഫ് ജോർജ്ജ്,സജികമാർ.എം.എസ്,സീനിയർ ക്ലർക്ക് ബിജുകുമാർ, സെക്രട്ടറി |
| 2-6 | 18750 | | ബിജുകുമാർ, സെക്രട്ടറി |
| 2-7(i) | 200/- | | രഞ്ജിനി.റ്റി.സി-ക്ലർക്ക്, |
| 2-7(ii) | 3500/- | | ബിജുകുമാർ.ആർ, സെക്രട്ടറി |
| 3-2 | | 20746 | ബിജുകുമാർ, സെക്രട്ടറി |
| 3-4 | | 31750 | ലിജിയ രാജു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 25630 | ദീപ രാജ്.എം.എൽ, കൃഷിഓഫീസർ |

| | | | |
|---|---|---|---|
| 3-9 | | 4775 | ബിജുകുമാർ, സെക്രട്ടറി |
| | | 4775 | സജികുമാർ,സീനിയർ ക്ലർക്ക് |
| 3-15 | | 720/- | വിദ്യശ്രീ-ക്ലർക്ക് |
| ആകെ | 25254 | 88396 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-2 | 283001 | ബിജുകുമാർ, സെക്രട്ടറി |
| 3-11(1) | 40040 | ഡോ.ഷീന.ബി.എസ്., മെഡിക്കൽ ഓഫീസർ |
| 3-12(2) | 64044 | ഡോ.രാജി, മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 3-12 | 110000 | ആർ.ബിജുകുമാർ, സെക്രട്ടറി |
| ആകെ | 497085 | |

(സി) കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക : 3-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ദീപരാജ്.എം.എൽ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷിഭവൻ, ചെറിയനാട് | ഫ്ലാറ്റ് നം.19,വിന്റ് ബ്രൂക്ക് പ്ലേസ്,ആൽത്തറ ജംഗ്ഷൻ, വെള്ളയമ്പലം,തിരുവനന്തപുരം |
| ഡോ. രാജി, മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദാശുപത്രി,ചെറിയനാട് | കൊച്ചുപറമ്പിൽ,വേഴപ്ര.പി.ഒ., രാമങ്കരി |
| ഡോ. ഷീന.ബി.എസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ഡിസ്പെൻസറി, ചെറിയനാട് | ഉത്തമ,താന്നിമുക്ക്,പെരിനാട്.പി.ഒ. കൊല്ലം |
| ശ്രീ.ബിജുകുമാർ.ആർ സെക്രട്ടറി | സെക്രട്ടറി,ചെറിയനാട് ഗ്രാമ പഞ്ചായത്ത് | അശോക വിലാസം,കിഴക്കുംഭാഗം, ചിതറ.പി.ഒ,കൊല്ലം |
| ശ്രീമതി. ലിജിയ രാജു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെറിയനാട് ഗ്രാമ പഞ്ചായത്ത് | ഗ്രീൻവില്ല കോട്ടേജ്,നീരാഴി ലെയ്ൻ, ഉള്ളൂർ, മെഡിക്കൽ കോളജ്.പി.ഒ, തിരുവനന്തപുരം |
| ശ്രീ .സജികമാർ.എം.എസ്, സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്,വെണ്മണി ഗ്രാമ പഞ്ചായത്ത് | മൂഴിക്കൽ തെക്കേതിൽ, നെട്ടവരംകോട്.പി.ഒ,ചെറിയനാട് |
| ശാന്തി കമാരി,സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്,ചെറിയനാട് ഗ്രാമ പഞ്ചായത്ത് | തിരുവാതിര,പുലിയൂർ .പി.ഒ, ചെങ്ങന്നൂർ, |
| വിദ്യശ്രീ,ക്ലർക്ക് | ക്ലർക്ക്,ചെറിയനാട് ഗ്രാമ പഞ്ചായത്ത് | ചാരേത്ത് വടക്കതിൽ,പുത്തൻചന്ത.പി.ഒ, വള്ളികുന്നം |
| രഞ്ജിനി.റ്റി.സി.ക്ലർക്ക് | ക്ലർക്ക്,ചെറിയനാട് ഗ്രാമപഞ്ചായത്ത് | രാജീവ് ഭവനം, പുലിയൂർ,പി.ഒ ചെങ്ങന്നൂർ |
| ജോസഫ് ജോർജ്, സീനിയർ ക്ലർക്ക് | വിരമിച്ചു | ജോർജ് ഭവനം, മിൽമാ റോഡ്, മാന്നാർ.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97മുതൽ 1998-99 വരെ (ചെലവ് ) | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 1997-98 (ഡി.സി.ബി) 2000-01 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 2008-09 | എൽ.എഫ്.ജി.എ.5. 575/2014/06.05.2014 |
| 2009-10 | എൽ.എഫ്.എ-പി.5/ 1512/15/17.05.2011 |
| 2010-11 &2011-12 | എൽ.എഫ്.എ-പി.5/ 712/2014/08.07.14/16.08.14 |
| 2012-13 | എൽ.എഫ്.എ-പി.5/429/15/25.06.15 |
| 2013-14&2014-15 | കെ.എസ്.എ.എ.എൽ.പി.പി-5/15/15.02.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി .പി-5/1243/16/09.11.16/03.12.16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

അനുബന്ധം

•

No. KSA-ALP/P5-1061/17

Kerala State Audit Department
District Audit office, Alappuzha
Dated.10.08.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Cheriyanad Grama panchayat in Alappuzha District, for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Cheriyanad Grama Panchayath for the year 2016-17 except the observations in Part 4 para 4-1 of Audit Report properly presents the picture of income & Expenditure.

Deputy Director,
Kerala State Audit Department,
Alappuzha

നം. കെ.എസ്.എ-എ.എൽ.പി/പി5-1061/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി:10.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഭാഗം. 4ൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ